2024 NOVEMBER
11
MONDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കേരളത്തിന്റെ വിനോദ സഞ്ചാരത്തിന് പ്രതീക്ഷ

## സീപ്ലെയ്ൻ പരീക്ഷണപ്പറക്കൽ ഇന്ന്




**കൊച്ചി:** സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയുടെ സ്വപ്നങ്ങൾക്ക് ചിറകുനൽകി സീപ്ലെയിൻ യാഥാർഥ്യമാകുന്നു. കരയിലും വെള്ളത്തിലുമിറങ്ങുന്ന വിമാനം പരീക്ഷണ പറക്കലിന്റെ ഭാഗമായി കൊച്ചി ബോൾഗാട്ടി മറീനയിൽ ലാൻഡ് ചെയ്തു. നെടുമ്പാശേരിയിൽ ഇന്ധനം നിറയ്ക്കാനെത്തിയ വിമാനത്തിന് വാട്ടർ സല്യൂട്ട് നൽകി സ്വീകരിച്ചിരുന്നു. തുടർന്ന് കൊച്ചി ബോൾഗാട്ടി മറീനയിൽ എത്തിയ വിമാനത്തിന് ജില്ലാ കലക്ടർ ഉൾപ്പെടെയുള്ളവരെത്തി വൻ വരവേൽപ്പാണ് നൽകിയത്. വിമാനത്തിന്റെ പൈലറ്റുമാർക്ക് ബോൾഗാട്ടി പാലസിൽ സ്വീകരണമൊരുക്കി.

സീപ്ലെയിൻ പരീക്ഷണപ്പറക്കൽ 11ന് രാവിലെ പത്തരയ്ക്ക് മന്ത്രി പി.എ.മുഹമ്മദ് റിയാസ് ഫ്ളാഗ് ഓഫ് ചെയ്യും. മന്ത്രി പി.രാജീവ് അധ്യക്ഷനാകും. ആന്ധ്രപ്രദേശിലെ പ്രകാശം ബാരേജിൽ ശനിയാഴ്ച (നവംബ4 9) ഉദ്ഘാടനം ചെയ്ത ആംഫീബിയസ് എയ4ക്രാഫ്റ്റാണ് (കരയിലും വെള്ളത്തിലും ഇറങ്ങുന്ന വിമാനം) കൊച്ചിയിൽ എത്തിയത്. മാലദ്വീപിൽ ഉപയോഗിക്കുന്നതിനു സമാനമായി 9 പേരെ വഹിക്കാവുന്ന വിമാനമാണിത്. ആന്ധ്രപ്രദേശിൽനിന്ന് മൈസൂരുവിലെത്തിയ ശേഷം 12.55 ന് സിയാലിൽ എത്തി. ഇന്ധനം നിറച്ച ശേഷമാണ് കൊച്ചി ബോൾഗാട്ടി മറീനയിൽ ലാൻഡ് ചെയ്തത്. മറീനയിൽ പാ4ക്ക് ചെയ്തിരിക്കുകയാണ്.

ഇന്ന് ഫ്ളാഗ് ഓഫിനുശേഷം ഇടുക്കി മാട്ടുപ്പെട്ടിയിലേക്ക് പോകുന്ന വിമാനം ജലാശയത്തിലിറങ്ങും. ഇവിടെനിന്ന് അരമണിക്കൂറിനു ശേഷം പുറപ്പെടുന്ന സീപ്ലെയിൻ 12ന് സിയാലിലെത്തി ഇന്ധനം നിറച്ച ശേഷം അഗത്തിയിലേക്ക് പോകും. നേവി, കൊച്ചി9 പോ4ട്ട് ട്രസ്റ്റ്, സിയാൽ, കെടിഡിസി, ഹൈഡ്രോഗ്രാഫിക് സ4വേ തുടങ്ങി 15 ലധികം വിഭാഗങ്ങളാണ് പരീക്ഷണപ്പറക്കലുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ ഏകോപിപ്പിക്കുന്നത്. മാട്ടുപ്പെട്ടി ഡാമിലും സുരക്ഷാ പരിശോധന പൂ4ത്തിയായി.

2 മീറ്റ4 ആഴം (ഡ്രാഫ്റ്റ് ) മാത്രമാണ് സീപ്ലെയിൻ ലാൻഡ് ചെയ്യുന്നതിന് ആവശ്യം. വേലിയേറ്റ സമയത്തെയും വേലിയിറക്ക സമയത്തെയും വെള്ളത്തിന്റെ ഒഴുക്ക്, മറീനയുടെ ആഴം, മറ്റ് തടസ്സങ്ങൾ തുടങ്ങിയവ ഒരു മാസമായി പരിശോധിച്ച് സുരക്ഷ ഉറപ്പുവരുത്തിയ ശേഷമാണ് വിമാനം ലാൻഡ് ചെയ്യുന്നത്. വിദേശ സംഘത്തിനാണ് സീപ്ലെയിനിന്റെ നിയന്ത്രണം. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അടക്കം എല്ലാ അനുമതിയും പരീക്ഷണപ്പറക്കലിന് ലഭിച്ചിട്ടുണ്ട്.



## വിഴിഞ്ഞം: 2025 ഏപ്രിലോടെ ലക്ഷ്യമിട്ട ചരക്കുനീക്കം പിന്നിട്ടു, ഖജനാവിലേക്ക് 7.4 കോടി

**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖം ഇന്നലെ രാത്രിയോടെ ഒരു ലക്ഷം ടിഇയു (ട്വന്റി ഫൂട്ട് ഇക്വലന്റ് യൂണിറ്റ് 20 അടി നീളമുള്ള കണ്ടെയ്നറിനെയാണ് ഒരു ടിഇയു ആയി കണക്കാക്കുന്നത്) കൈകാര്യം ചെയ്ത തുറമുഖമെന്ന നാഴികകല്ല് പിന്നിട്ടെന്ന് മന്ത്രി വി.എൻ.വാസവൻ. നവംബർ 9 വരെയുള്ള കണക്കനുസരിച്ച് 46 കപ്പലുകളാണ് തുറമുഖത്ത് എത്തിയത്. 1,00807 ടിഇയുവാണ് കൈകാര്യം ചെയ്തത്.


ജൂലൈയിൽ 3, സെപ്റ്റംബറിൽ 12, ഒക്ടോബറിൽ 23, നവംബറിൽ ഇതുവരെ 8 എന്നിങ്ങനെയാണ് തുറമുഖത്ത് എത്തിയ കപ്പലുകളുടെ എണ്ണം. 7.4 കോടി രൂപയുടെ വരുമാനമാണ് ജിഎസ്!ടി ഇനത്തിൽ സർക്കാർ ഖജനാവിലേക്ക് എത്തിയത്. കേരളത്തിൻറെ വികസന ചരിത്രത്തിൽ പുതിയ യുഗത്തിന് തുടക്കം കുറിച്ചിരിക്കുകയാണ് വിഴിഞ്ഞം തുറമുഖമെന്നും വാസവൻ പറഞ്ഞു.

ട്രയൽ റൺ ആരംഭിച്ച് 4 മാസം പിന്നിട്ടതോടെ ഒന്നിനു പിന്നാലെ ഒന്നായി ലോകത്തിലെ വമ്പൻ ചരക്കുകപ്പലുകൾ കേരളത്തിൻറെ തീരത്തെത്തിക്കഴിഞ്ഞു. ലോകത്തെ ഏറ്റവും വലിയ ചരക്ക് കപ്പലുകളുടെ ശ്രേണിയിൽപ്പെടുന്ന അന്ന, വിവിയാന എന്നീ കപ്പലുകളും വന്നു. ഇവയ്ക്ക് പിന്നാലെ മറ്റ് അതിഥികളും എത്തും.

വിഴിഞ്ഞം ഇന്ത്യയുടെ സുവർണതീരമായി മാറുകയാണ്. അടുത്ത മാസം കമ്മിഷൻ ചെയ്യാനിരിക്കെയാണ് നിർണായകനേട്ടം. അടുത്ത ഏപ്രിലോടെ മാത്രം ലക്ഷ്യമിട്ട ചരക്കുനീക്കമാണ് ചുരുങ്ങിയ മാസത്തിനുള്ളിൽ വിഴിഞ്ഞത്ത് പൂർത്തിയാക്കിയതെന്നും മന്ത്രി പറഞ്ഞു.

## മിഡിൽ ഈസ്റ്റിലെ ഏറ്റവും മികച്ച കമ്പനികളുടെ പട്ടികയിൽ ഇടം നേടി ലുലു ഗ്രൂപ്പ്

**ദുബായ്:** മിഡിൽ ഈസ്റ്റിലെ ഏറ്റവും മികച്ച നൂറ് കമ്പനികളുടെ റാങ്കിങ്ങിൽ പന്ത്രണ്ടാം സ്ഥാനം നേടി ലുലു ഗ്രൂപ്പ്. മിഡിൽ ഈസ്റ്റിലെ പ്രമുഖ ബിസിനസ് പ്രസിദ്ധീകരണമായ അറേബ്യൻ ബിസിനസാണ് 2024ലെ മികച്ച കമ്പനികളുടെ പട്ടിക പുറത്തു വിട്ടിരിക്കുന്നത്. പട്ടികയിലെ ആദ്യ പതിനഞ്ചിൽ ഇടം നേടിയ ഏക ഇന്ത്യൻ കമ്പനിയാണ് ലുലു. സുസ്ഥിര ഫാഷൻ മുൻനിർത്തിയുള്ള റീട്ടെയ്ൽ ബിസിനസുമായി അന്താരാഷ്ട്ര ശ്രദ്ധനേടിയ യുഎഇ ആസ്ഥാനമായുള്ള ദി ഗിവിങ്ങ് മൊമൻറ് കമ്പനിയാണ് പട്ടികയിൽ ഒന്നാമത്. ഗ്ലോബൽ വ്യോമയാന മേഖലയിലെ ഏറ്റവും മികച്ച ഏവിയേഷൻ കമ്പനി എന്ന വിശേഷണത്തോടെ എമിറേറ്റ്സ് എയർലൈൻ രണ്ടാം സ്ഥാനം നേടി.സുസ്ഥിരത മുൻനിർത്തിയുള്ള പദ്ധതികൾ, ഉപഭോക്തൃ സേവനം സുഗമമാക്കാൻ നടപ്പാക്കിയ ഡിജിറ്റൽ മാറ്റങ്ങൾ, സാമൂഹിക പ്രതിബദ്ധതയോടെയുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് ലുലുവിനെ മികച്ച കമ്പനികളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ കാരണമായത്. സംതൃപ്തരായ ഉപഭോക്താക്കൾ, ഉത്പന്നങ്ങളുടെ ഗുണനിലവാരം, കൃത്യമായ ഉത്പന്ന ലഭ്യത, വിപുലമായ പാർക്കിങ്ങ്, ഹാപ്പിനെസ് പ്രോഗ്രാമുകൾ എന്നിവയെല്ലാം ലുലുവിനെ പ്രിയപ്പെട്ട ബ്രാൻഡാക്കിയെന്ന് അറേബ്യൻ ബിസിനസ് വിലയിരുത്തി.ചെയർമാൻ എം.എ യൂസഫലിയുടെ ദീർഘവീക്ഷണമുള്ള നയങ്ങളും കാഴ്ചപ്പാടുകളും ലുലുവിനെ ആഗോള ബ്രാൻഡാക്കി മാറ്റുന്നതിൽ നിർണായകമായി എന്ന് അറേബ്യൻ ബിസിനസ് മാസിക അഭിപ്രായപ്പെട്ടു.





റൂറൽ ജില്ലാ പോലീസ് കായിക മേളയിലെ ഫുട്ബോൾ മത്സരത്തിൽ കളമശേരി ഡിഎച്ച് ക്യു ജേതാക്കളായി. ഫൈനലിൽ ആലുവ സബ് ഡിവിഷനെ എതിരില്ലാത്ത ആറ് ഗോളുകൾക്കാണ് പരാജയപ്പെടുത്തിയത്. ആലുവയിൽ നടന്ന മത്സരങ്ങൾക്ക് ഡിവൈഎസ്പി ടി.ആർ രാജേഷ് നേതൃത്വം നൽകി. അഞ്ച് സബ്ഡിവിഷനുകളിലായി നടക്കുന്ന കായിക മേള 12 ന് സമാപിക്കും.



92 ാമതു ശിവഗിരി തീർത്ഥാടനത്തിൻറ മുന്നോടിയായി ശിവഗിരിമഠം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സമ്മേളനം ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ ഉദ്ഘാടനം ചെയ്യുന്നു. തീർത്ഥാടന കമ്മിറ്റി സെക്രട്ടറി സ്വാമി ഋതംഭരാനന്ദ, ട്രസ്റ്റ് ട്രഷറർ സ്വാമി ശാരദാനന്ദ, തീർത്ഥാടനകമ്മിറ്റി ജോയിൻറ് സെക്രട്ടറി സ്വാമി വിരജാനന്ദ ഗിരി എന്നിവർ സമീപം.

## വർത്തമാനകാലം നേരിടുന്ന വെല്ലുവിളികളെ തിരുത്തുവാനും മാറ്റുവാനും ശിവഗിരി തീർത്ഥാടനത്തിലൂടെ കഴിയണം സ്വാമി ശുഭാംഗാനന്ദ

**ശിവഗിരി :** പൗരാണിക തീർത്ഥാടന സങ്കല്പങ്ങൾക്ക് പുതിയ രൂപവും ഭാവവും നൽകി ക്കൊണ്ടാണ് ശ്രീനാരായണ ഗുരുദേവൻ ശിവഗിരി തീർത്ഥാടനത്തിന് അനുമതി നൽകിയതെന്ന് ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ അഭിപ്രായപ്പെട്ടു. മത ദൈവ വിദ്യാഭ്യാസ ആധ്യാത്മിക തലങ്ങൾക്ക് ശാസ്ത്രീയമായ ധാരണകൾ നൽകി ശരിയായ മാർഗത്തിലേക്ക് ജനതയെ എത്തിക്കുവാൻ ശിവഗിരി തീർത്ഥാടനത്തിലൂടെ കഴിയുമെന്ന് ഗുരുദേവൻ കണ്ടറിയുകയും ചെയ്തു.

92ാം ശിവഗിരി തീർത്ഥാടനത്തിൻറെ മുന്നോടിയായി ശിവഗിരി മഠ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സമ്മേളനം ശിവഗിരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു സ്വാമി. വർത്തമാനകാലം നേരിടുന്ന വെല്ലുവിളികളെ തിരുത്തുവാനും മാറ്റുവാനും ശിവഗിരി തീർത്ഥാടനത്തിലൂടെ കഴിയണം. വിദ്യാഭ്യാസ, ശുചിത്വ, കാർഷിക, ആരോഗ്യ മേഖലകളുൾപ്പെടെയുള്ള വെല്ലുവിളികളെ നേരിടുന്ന ചർച്ചകൾ തീർത്ഥാടന സമ്മേളനത്തിലെ മുഖ്യ വിഷയമാകണമെന്നും ശുഭാംഗാനന്ദ സ്വാമി തുടർന്നു പറഞ്ഞു.

ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ട്രഷറർ സ്വാമി ശാരദാനന്ദ അധ്യക്ഷത വഹിച്ചു. തീർത്ഥാടനകമ്മിറ്റി സെക്രട്ടറിയും ട്രസ്റ്റ് മുൻ ജനറൽ സെക്രട്ടറിയുമായ സ്വാമി ഋതംഭരാനന്ദ തീർത്ഥാടന വിശദീകരണം നടത്തി. കമ്മിറ്റി ജോയിൻറ് സെക്രട്ടറി സ്വാമി വിരജാനന്ദഗിരി, ശിവഗിരി മഠം പി. ആർ. ഒ. ഇ. എം. സോമനാഥൻ, എസ് ഷാജി (മെഡിക്കൽ മിഷൻ ആശുപത്രി), പ്രേംചന്ദ്രബാബു, വിവിധ സ്ഥാപനങ്ങളെ പ്രതിനിധീകരിച്ചു ജെ.നിമ്മി, ബിന്ദു, ഒ. വി. കവിത, സലീന, സിനിമോൾ, ഗംഗ, സ്മിത തുടങ്ങിയവർ പ്രസംഗിച്ചു.

## ദർഘാസ് ക്ഷണിച്ചു

**ആലപ്പുഴ:** വനിതാ ശിശു വികസന വകുപ്പിന്റെ കായംകുളം മിനി സിവൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് മുതുകുളം അഡീഷണൽ പ്രോജക്ട് ഓഫീസിന് പരിധിയിലുള്ള 132 അങ്കണവാടികളിൽ 202425 വർഷത്തേക്കുള്ള കണ്ടിജൻസി സാധനങ്ങൾ വിതരണം നടത്തുന്നതിന് സന്നദ്ധരായ സ്ഥാപനങ്ങളിൽ നിന്നും ദർഘാസ് ക്ഷണിച്ചു.

ദർഘാസ് ഫാറങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 22 ഉച്ചക്ക് ഒരു മണി വരെ. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും അറിയാം. ഫോൺ: 04792442059

# സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം 15 മുതൽ 18 വരെ ആലപ്പുഴയിൽ

## മുഖ്യമന്ത്രി സെന്റ് ജോസഫ്സ് സ്കൂളിൽ ശാസ്ത്രോത്സവം ഉദ്ഘാടനം ചെയ്യും

**ആലപ്പുഴ:** കേരള സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം നവംബർ 15 മുതൽ 18 വരെ ആലപ്പുഴയിൽ നടക്കുമെന്ന് സംഘാടക സമിതി ചെയർമാൻ കൂടിയായ ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ജില്ല പഞ്ചായത്തിൽ സംഘടിപ്പിച്ച പത്രസമ്മേളനത്തിൽ പറഞ്ഞു. മുഖ്യമന്ത്രി പിണറായി വിജയൻ നവംബർ 15ന് വൈകിട്ട് നാലുമണിക്ക് സെന്റ് ജോസഫ്സ് സ്കൂളിൽ ശാസ്ത്രോത്സവം ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ വി.ശിവൻകുട്ടി, കെ. എൻ. ബാലഗോപാൽ, മന്ത്രി സജി ചെറിയാൻ, പി. പ്രസാദ് തുടങ്ങിയവർ പങ്കെടുക്കും.

നഗരത്തിലെ അഞ്ച് സ്കൂളുകളാണ് പ്രധാന വേദികളാവുക. ലിയോതേർട്ടീന്ത് ഹൈസ്കൂൾ, ലജനത്തുൽ മുഹമ്മദീയ ഹയർ സെക്കന്ററി സ്കൂൾ, സെന്റ് ജോസഫ് ഹൈസ്കൂൾ, എസ്.ഡി.വി.ബോയ്സ്, ഗേൾസ് എന്നീ സ്കൂളുകളിലെ പ്രത്യേകം സജ്ജമാക്കിയ വേദികളിലായാണ് മേള നടക്കുന്നത്. ശാസ്ത്രോത്സവത്തിന്റെ പ്രധാന വേദിയായ സെന്റ് ജോസഫ് ഹൈസ്കൂളിൽ സാമൂഹികശാസ്ത്ര, ഐടി മേളകളും, ലിയോ തേർട്ടീന്ത് സ്കൂളിൽ ശാസ്ത്രമേളയും, ലജ്ജനത്തുൽ മുഹമ്മദീയ ഹൈസ്കൂളിൽ ഗണിതശാസ്ത്രമേളയും, പ്രവർത്തി പരിചയമേള എസ്.ഡി.വി.ബോയ്സ്,ഗേൾസ് സ്കൂളുകളിലും ആണ് നടക്കുന്നത്. കൂടാതെ കരിയർ സെമിനാർ, കരിയർ എക്സിബിഷൻ,നിരവധി കലാപരിപാടികൾ തുടങ്ങിയവും ലിയോ തേർട്ടീന്ത് സ്കൂൾ ഗ്രൗണ്ടിൽ പ്രത്യേകം സജ്ജമാക്കിയ വേദികളിലായി നടക്കും.

ഇത്തവണ സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് സംഘാടക സമിതിയുടെ നാമധേയത്തിൽ എഡ്യുക്കേഷൻ ?മിനിസ്റ്റേഴ്സ് ട്രോഫി ഏർപ്പെടുത്തിയിട്ടുണ്ട്. 5,000 ത്തോളം വിദ്യാർത്ഥികൾ 180 ഓളം ഇനങ്ങളിലായാണ് സംസ്ഥാന സ്കൂൾ ശാസ്ത്രമേളയിൽ പങ്കെടുക്കുന്നത്. സബ്ജില്ലകളിൽ നിന്ന് ഒന്നാം സ്ഥാനം നേടി റവന്യൂ ജില്ലകളിൽ പങ്കെടുത്ത് അവിടുന്ന് ഒന്നാം സ്ഥാനം കരസ്ഥമാക്കി എത്തുന്ന വിദ്യാർത്ഥികൾ ആണ് സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ പ്രതിഭകളായി പങ്കെടുക്കുന്നത്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ.ജീവൻബാബു രാവിലെ ഒമ്പതു മണിക്ക് പതാക ഉയർത്തുന്നതോടെ സ്കൂൾ ശാസ്ത്രോത്സവത്തിന്റെ രജിസ്ട്രേഷൻ നവംബർ15 ന് പ്രധാന വേദിയായ സെന്റ് ജോസഫ്സ് സ്കൂളിൽ ആരംഭിക്കും. നവംബർ 15ന് വൈകിട്ട് നാല് മണിക്ക് മന്ത്രി വി.ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ മുഖ്യമന്ത്രി ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കും. മന്ത്രി സജി ചെറിയാൻ, കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് എന്നിവർ വിശിഷ്ടാതിഥികളാകും.

നവംബർ 15 ന് വൈകിട്ട് അഞ്ച് മണിക്ക് ഇപ്റ്റ നാട്ടരങ്ങും നവംബർ 16ന് ശനിയാഴ്ച രണ്ടുമണി മുതൽ സ്പീഡ് കാർട്ടൂണിസ്റ്റ് ഡോ. ജിതേഷ്.ജിയുടെ ശാസ്ത്രദർശൻ വരയരങ്ങും നടക്കും. അന്നേ ദിവസം 7.30 മുതൽ കേരള കലാമണ്ഡലം അവതരിപ്പിയ്ക്കുന്ന രംഗ്മാല സെന്റ് ജോസഫ്സ് എച്ച്.എസിൽ നടക്കും. നവംബർ 17, അഞ്ച് മണിക്ക് പ്രസീത ചാലക്കുടിയും സംഘവും അവതരിപ്പിക്കുന്ന നാടൻപാട്ടും നടക്കും.

സംസ്ഥാന സ്കൂൾ ശാസ്ത്രമേളയോട് അനുബന്ധിച്ച് പബ്ലിസിറ്റി കമ്മറ്റിയുടെ നേതൃത്വത്തിൽ നവംബർ 11 തിങ്കളാഴ്ച ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും പതാകദിനം, സ്പെഷ്യൽ അസംബ്ലി, ശാസ്ത്രോത്സവ പതാക ഉയർത്തൽ എന്നിവ സംഘടിപ്പിക്കും. നവംബർ 14ാം തീയതി രാവിലെ ഒമ്പത് മണിക്ക് കേരളത്തിലെ സസ്യ സമ്പത്തിനെക്കുറിച്ചുള്ള സമഗ്ര വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ 'ഹോർത്തൂസ് മലബാറിക്കസ്' എന്ന ഗ്രന്ഥത്തിന്റെ നിർമ്മാണത്തിൽ മുഖ്യ പങ്കുവഹിച്ച പ്രഗത്ഭ നാട്ടുവൈദ്യൻ ആയിരുന്ന ഇട്ടി അച്യുതൻ വൈദ്യരുടെ ചേർത്തല കടക്കരപ്പള്ളിയിലെ സ്മൃതി കുടീരത്തിൽ നിന്നും ആരംഭിക്കുന്ന പതാകജാഥ ചേർത്തല, അരൂർ മണ്ഡലങ്ങളിലെ സ്കൂളുകളിൽ നിന്നുള്ള സ്വീകരണങ്ങൾ ഏറ്റുവാങ്ങി ആലപ്പുഴ മുനിസിപ്പൽ ശതാബ്ദി മന്ദിരത്തിൽ സംഗമിക്കും. അതോടൊപ്പം ഹരിത വിപ്ലവത്തിന്റെ നായകനായിരുന്ന കൃഷി ശാസ്ത്രജ്ഞൻ എം.എസ്.സ്വാമിനാഥന്റെ മങ്കൊമ്പ് തറവാട് വീട്ടിൽ നിന്നും ആരംഭിച്ച് കുട്ടനാട്, ഹരിപ്പാട്, അമ്പലപ്പുഴ മണ്ഡലങ്ങളിലെ സ്കൂളുകളിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങിയ ദീപശിഖറാലിയും ഒരുമിച്ച് ആലപ്പുഴ മുനിസിപ്പൽ ശതാബ്ദി മന്ദിരത്തിൽ സംഗമിക്കും.

ഇതിനോടൊപ്പം സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് സംഘാടക സമിതിയുടെ നാമധേയത്തിൽ ഏർപ്പെടുത്തിയ എഡ്യുക്കേഷൻ മിനിസ്റ്റേഴ്സ് ട്രോഫി ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം മണ്ഡലങ്ങളിലൂടെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി ശതാബ്ദി മന്ദിരത്തിൽ സംഗമിക്കും. തുടർന്ന് ശതാബ്ദി മന്ദിരത്തിൽ നിന്നും ഉച്ചകഴിഞ്ഞ് 3.00 മണിക്ക് മന്ത്രി സജി ചെറിയാൻ ഫ്ളാഗ് ഓഫ് ചെയ്ത് ആരംഭിയ്ക്കുന്ന ശാസ്ത്രോത്സവത്തിന്റെ വിളംബര ഘോഷയാത്ര പ്രധാന വേദിയായ സെന്റ് ജോസഫ്സ് സ്കൂളിൽ സമാപിക്കും. സ്കൂൾ അങ്കണത്തിൽ മന്ത്രി വി.ശിവൻകുട്ടി മേളയ്ക്ക് തിരി തെളിക്കും.

# ലൈസൻസ് റദ്ദാക്കൽ: തുടർപരിശീലനം എല്ലാ ജില്ലയിലും

**തിരുവനന്തപുരം:** ഡ്രൈവിങ് ടെസ്റ്റ് പരിഷ്കാരം നടപ്പാക്കിയതിനു പിന്നാലെ റോഡിലെ ഡ്രൈവിങ് പരിശോധനയിലും ഗതാഗതവകുപ്പ് പിടിമുറുക്കുന്നു. ഗുരുതരമായി നിയമലംഘനം നടത്തി ഡ്രൈവിങ് ലൈസൻസ് സസ്പെൻഡ് ചെയ്യപ്പെടുന്നവർക്ക് 5 ദിവസത്തെ പരിശീലനത്തിനായി എല്ലാ ജില്ലകളിലും കേന്ദ്രം തുടങ്ങും. കെഎസ്ആർടിസിയുടെ 11 ഡ്രൈവിങ് സ്കൂളുകളിലാകും ആദ്യം തുടങ്ങുക.

നിലവിൽ കേരളത്തിൽ ലൈസൻസ് റദ്ദാക്കപ്പെടുന്ന എല്ലാവരും കെഎസ്ആർടിസിയുടെ എടപ്പാളിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയ്നിങ് ആൻഡ് റിസർച്ചിലാണ് (ഐഡിടിആർ) പരിശീലനത്തിനെത്തേണ്ടത്.

ഇക്കൊല്ലം ജനുവരി മുതൽ ഒക്ടോബർ വരെ ഡ്രൈവിങ് ലൈസൻസ് റദ്ദായ 2213 പേർക്കാണ് ഇതുവരെ പരിശീലനം കഴിഞ്ഞത്. വലിയ കുഴപ്പം കാണിച്ച് ലൈസൻസ് റദ്ദായ 188 പേർക്ക് 5 ദിവസത്തെ പരിശീലനം നൽകി. 3 ദിവസത്തെ പരിശീലനം കഴിഞ്ഞത് 282 പേർക്കു 3 ദിവസവും 1743 പേർക്ക് ഒരു ദിവസവുമായിരുന്നു പരിശീലനം. എല്ലാ ജില്ലയിലും പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയാൽ കൂടുതൽ പേരെ 5 ദിവസത്തെ പരിശീലനത്തിന് അയയ്ക്കും.

അമിത വേഗം, മദ്യപിച്ചുള്ള ഡ്രൈവിങ് എന്നിവ സംബന്ധിച്ചുള്ളതാണ് കൂടുതൽ കേസുകളും. ടിപ്പർ ഡ്രൈവർമാർ ഈ പട്ടികയിൽ വളരെ താഴെയാണെന്നും മോട്ടർ വാഹനവകുപ്പ് ഉദ്യോഗസ്ഥർ പറയുന്നു.



# പെരുന്നാളിന് കൊടിയേറി

**കോലഞ്ചേരി:** പുത്തൻകുരിശ് സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ മാർ കുര്യാക്കോസ് സഹദായുടെ തിരുശേഷിപ് പുനഃ പ്രതിഷ്ഠയുടെയും പരിശുദ്ധ പരുമല തിരുമേനിയുടെയും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെയും തിരുശേഷിപ്പ് സ്ഥാപിച്ചതിന്റെയും സംയുക്ത ഓർമ്മ പെരുന്നാളിന് വികാരി ഫാ. ജിത്തു മാത്യു കൊടിയേറ്റി. നവംബർ 13,14 ബുധൻ വ്യാഴം തീയതികളിലാണ് പെരുന്നാൾ ചടങ്ങുകൾ.

ഇന്ന് വൈകിട്ട് സുവിശേഷയോഗം ഫാ. ജിജി തോമസ് മുഖ്യ സന്ദേശം നൽകും. നാളെ വൈകിട്ട് 6.30 സന്ധ്യാ നമസ്കാരം തുടർന്ന് മാധ്യസ്ഥ പ്രാർത്ഥന. ബുധനാഴ്ച വൈകിട്ട് 6.30 സന്ധ്യാ നമസ്കാരം തുടർന്ന് പ്രദക്ഷിണം വ്യാഴം രാവിലെ 8 ന് വിശുദ്ധ കുർബാന, തുടർന്ന് പ്രദക്ഷിണം. പെരുന്നാൾ ചടങ്ങുകൾക്ക് പരിശുദ്ധ കാതോലിക്കാ ബാവയുടെ പേഴ്സണൽ സെക്രട്ടറി റവ. ഫാ. ഗീവർഗീസ് ജോൺസൺ മുഖ്യ കർമികത്വം നൽകും

പെരുന്നാളിനോട് അനുബന്ധിച്ചു അദ്ധ്യാത്മീക സംഘടനകളുടെ സംയുക്ത വാർഷിക സമ്മേളനം സംഘടിപ്പിച്ചു. ഫാ ബേസിൽ ജോർജ് ഉത്ഘാടനം ചെയ്തു. ട്രസ്റ്റി ഗ്ലാഡ്സൺ ചാക്കോ കുഴിവേലിൽ സെക്രട്ടറി ചെറിയാൻ വർഗീസ്, പേൾ കണ്ണേത്ത്, ബാജി കെ ജോർജ്, ലീലാമ്മ പൗലോസ്, ജോയ് വെട്ടുവേലിൽ, അഭിലാഷ് കണ്ണേത്ത്, രാജീവ് പോൾ എന്നിവർ പ്രസംഗിച്ചു.

# കൺസ്യൂമർ ക്ലബ്ബ് ഉദ്ഘാടനവും ഹരിത കലാലയ സർട്ടിഫിക്കറ്റ് വിതരണവും

**കൊച്ചി:** വിദ്യാർത്ഥികളിൽ ഉപഭോക്തൃ അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ഉപഭോക്തൃകാര്യ വകുപ്പിന്റെ സഹായത്തോടെ കലാലയങ്ങളിൽ കൺസ്യൂമർ ക്ലബ്ബ് ആരംഭിക്കുന്നതിന്റെ ഉദ്ഘാടനം ഇന്ന് രണ്ടുമണിക്ക് എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി ആർ അനിൽ നിർവഹിക്കും. ടി ജെ വിനോദ് എം എൽ എ മുഖ്യതിഥി ആയിരിക്കും.

യോഗത്തിൽ സെന്റ് ആൽബർട്ട്സ് കോളേജ് ചെയർമാനും മാനേജരുമായ റവ. ഡോ. ആന്റണി തോപ്പിൽ അധ്യക്ഷനാകും. എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി. ബി.ബിനു മുഖ്യപ്രഭാഷണം നടത്തും. ഹരിത കേരള മിഷൻ ഏർപ്പെടുത്തിയ ഹരിത കലാലയ സർട്ടിഫിക്കറ്റ് സെന്റ് ആൽബർട്ട്സ് കോളേജിനു വേണ്ടി റവ. ഡോ. ആന്റണി തോപ്പിൽ ഏറ്റുവാങ്ങും.

പ്രിൻസിപ്പൽ ഡോ ജസ്റ്റിൻ ജോസഫ് റിബലോ, കൺസ്യൂമർ ക്ലബ്ബ് സംഘാടകരായ പരിവർത്തൻ (ചഏച്ചര) സ്റ്റേറ്റ് കോർഡിനേറ്റർ ഐപ്പ് ജോസഫ്, കോളേജിലെ വിവിധ വിഭാഗങ്ങളിലെ ഭാരവാഹികൾ, ഫാ. ഷൈൻ പോളി കളത്തിൽ, ഫാ. ജൻസൺ ലിവേറ, ഫാ. നിബിൻ കുര്യാക്കോസ്, ഡോ. റോസിലിൻ ഗോൺസാല, നാഷണൽ സർവീസ് സ്കീം പ്രതിനിധി, ഹരിത കേരള മിഷൻ ജില്ലാ കോഡിനേറ്റർ എസ് രജനി എന്നിവർ പങ്കെടുക്കും.

# വാതിൽപ്പടി വിതരണം തടസ്സപ്പെടില്ല: സപ്ലൈകോ എം ഡി

**കൊച്ചി:** സപ്ലൈകോക്ക് വേണ്ടി എൻ എഫ് എസ് എയുടെ ഭാഗമായി നടക്കുന്ന വാതിൽപടി വിതരണം മുടങ്ങില്ലെന്ന് സപ്ലൈകോ മാനേജിംഗ് ഡയറക്ടർ ഷാജി വി നായർ അറിയിച്ചു. വാതിൽപ്പടി വിതരണം നടത്തിയ ഇനത്തിൽ സപ്ലൈകോ നൽകാനുള്ള ബിൽ കുടിശികയെ തുടർന്ന് ട്രാൻസ്പോർട്ടിങ് കരാറുകൾ സമരത്തിലേക്ക് നീങ്ങുകയാണെന്ന് നേരത്തെ അറിയിച്ചിരുന്നു. കരാറുകാരുമായി സപ്ലൈകോ മാനേജിങ് ഡയറക്ടർ ഷാജി വി നായർ വെള്ളിയാഴ്ച നടത്തിയ ചർച്ചയിൽ, ഒരാഴ്ചയ്ക്കുള്ളിൽ കുടിശ്ശിക തുകയുടെ ആദ്യ ഗഡു നൽകുമെന്ന് സപ്ലൈകോ അറിയിച്ചു. കരാറുകാർ സമരത്തിൽ നിന്ന് പിൻവാങ്ങാൻ ധാരണയായിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

# എറിത്രോ സൈറ്റാഫെറെസിസ് വഴി സെറിബ്രൽ മലേറിയ ചികിത്സിച്ചുമാറ്റി അമല മെഡിക്കൽ കോളജ്

**തൃശൂർ:** സെറിബ്രൽ മലേറിയ ബാധിച്ചു ഗുരുതരാവസ്ഥയിലായ തൃശൂർ സ്വദേശിയായ 37കാരൻറെ രോഗം എറിത്രോ സൈറ്റാഫെറെസിസ് വഴി ചികിത്സിച്ചുമാറ്റി അമല മെഡിക്കൽ കോളജ്. ഇന്ത്യയിൽ ഇത്തരം ചികിത്സാരീതിയിലൂടെ വിജയംവരിച്ചതായി പഠനങ്ങളില്ലെന്നു അമല മെഡിക്കൽ കോളജ് ജോയിൻറ് ഡയറ്കടർ ഫാ. ജെയ്സൺ മുണ്ടൻമാണി പത്രസമ്മേളനത്തിൽ പറഞ്ഞു.

യുവാവിനെ അമലയിൽ പ്രവേശിപ്പിക്കുമ്പോൾ മരുന്നുകൊണ്ട് മാറ്റാൻ പറ്റാത്തത്രയും തീവ്രമായിരുന്നു രോഗം. ശരീരത്തിൽ ചുവന്ന രക്താണുക്കളെക്കാൾ കൂടുതൽ മലേറിയയുടെ അണുക്കൾ പെറ്റുപെരുകിയിരുന്നു. രോഗത്തിൻറെ തീവ്രതമൂലം രോഗി അബോധാവസ്ഥയിലുമായി. 22 യൂണിറ്റ് പായ്ക്ക്ഡ് ചുവന്ന രക്താണുക്കൾ നല്കിയതിലൂടെ പരാന്നഭോജികളുടെ ലോഡ് 44 ശതമാനത്തിൽനിന്ന് 0.2 ശതമാനമായി കുറഞ്ഞു. ഈ പ്രക്രിയയ്ക്കു ശേഷമാണു രോഗി മരുന്നിനോടു പ്രതികരിക്കാൻ തുടങ്ങിയത്.

ദാതാക്കളുടെ ചുവന്ന രക്താണുക്കൾമാത്രം ശേഖരിക്കുകയും രക്തത്തിൻറെ മറ്റുഘടകങ്ങൾ ശരീരത്തിലേക്കു തിരികെ പ്രവേശിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് എറിത്രോസൈറ്റാഫെറെസിസ്. രോഗിയുടെ രക്തത്തിൻറെ മുഴവൻ അളവും ദാതാക്കളിൽനിന്നു ശേഖരിച്ച ചുവന്ന രക്താണുക്കൾ ഉപയോഗിച്ച് മാറ്റിനല്കുന്നു.

അഫെറാസീസ് വഴി ആവശ്യമായ മുഴുവൻ ചുവന്നരക്താണുക്കളും നല്കിയാണു രോഗിയെ മരണത്തിൽനിന്ന് രക്ഷിച്ചത്. പൂർണ സൗഖ്യം പ്രാപിച്ച രോഗി വീട്ടിലേക്കു മടങ്ങി.

ബിസിനസ് സംബന്ധമായി ആഫ്രിക്കൻ രാജ്യങ്ങളിലൂടെയുള്ള യാത്രയ്ക്കിടെയായിരിക്കും യുവാവിനു സെറിബ്രൽ മലേറിയ ബാധിച്ചതെന്നു കരുതുന്നു.

പത്രസമ്മേളനത്തിൽ ജനറൽ മെഡിസിൻ പ്രഫ. ഡോ. നാരായണൻ പോറ്റി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ പ്രഫസർ ഡോ. വിനു വിപിൻ, എമർജൻസി മെഡിസിനിലെ ഡോ. ആൻറണി കള്ളിയത്ത്, പിആർഒ ജോസഫ് വർഗീസ് എന്നിവരും പങ്കെടുത്തു.

# ഇ സ്റ്റാംപിൽ അനിശ്ചിതത്വം; മുദ്രപ്പത്ര ക്ഷാമം രൂക്ഷം

**മണ്ണാർക്കാട്:** ഇ സ്റ്റാംപ് പദ്ധതിയിലെ അനിശ്ചിതത്വം മൂലം മുദ്രപ്പത്രത്തിനു കടുത്ത ക്ഷാമം. ചെറിയ വിലയുള്ള മുദ്രപ്പത്രങ്ങൾക്കാണു കൂടുതൽ ക്ഷാമം. ഇതുമൂലം ദുരിതത്തിലായതു സാധാരണക്കാരാണ്. 10, 20, 50,100, 200 രൂപയുടെ മുദ്രപ്പത്രങ്ങൾ കിട്ടാനില്ല. ഓഗസ്റ്റ് ഒന്നു മുതൽ മുദ്രപ്പത്രങ്ങൾ ഉപേക്ഷിച്ച് ഇ സ്റ്റാംപ് സംവിധാനം ഏർപ്പെടുത്താൻ സർക്കാർ നീക്കം നടത്തിയിരുന്നു. അതിനാൽ ഏതാനും മാസം മുൻപു മുദ്രപ്പത്രങ്ങളുടെ അച്ചടിയിൽ സർക്കാർ കുറവു വരുത്തിയതാണു ക്ഷാമത്തിനു കാരണമെന്നാണ് അറിയുന്നത്. ഇ സ്റ്റാംപ് പദ്ധതി പൂർണമായി നടപ്പാക്കാൻ കഴിയാതായതോടെയാണു പ്രതിസന്ധി.കരാർ പത്രം, ജനന, മരണ സർട്ടിഫിക്കറ്റുകൾ, എൽഐസിക്ക് ആവശ്യമായ രേഖ സമർപ്പണം, നോട്ടറി ആവശ്യങ്ങൾ, ലൈഫ് വീടുകളുടെ കരാർ, ബാങ്ക് വായ്പ, റോഡ് പണിയുടെ കരാറുകൾ തുടങ്ങിയ ആവശ്യങ്ങൾക്കു കുറഞ്ഞ തുകയ്ക്കുള്ള മുദ്രപ്പത്രമാണ് ഉപയോഗിക്കുന്നത്.

ധനകാര്യ സ്ഥാപനത്തിലെ പണമിടപാടുകൾക്ക് 200 രൂപയുടെ മുദ്രപ്പത്രമാണ് ആവശ്യം.50 രൂപയുടേതിനു പകരം 500 രൂപയുടെ മുദ്രപ്പത്രം വാങ്ങേണ്ട സാഹചര്യമാണുള്ളത്.

വിദേശത്തുൾപ്പെടെ പഠനത്തിനു തയാറെടുക്കുന്ന വിദ്യാർഥികളെയും മുദ്രപ്പത്രക്ഷാമം ബാധിച്ചിട്ടുണ്ട്. ഇതുമൂലം സമ്മതപത്രം ഉൾപ്പെടെ സമർപ്പിക്കാൻ കഴിയുന്നില്ല.

മുദ്രപ്പത്രക്ഷാമം ആധാരം എഴുത്തുകാരുടെ തൊഴിലിനെയും ബാധിച്ചു. മുദ്രപ്പത്രക്ഷാമം പരിഹരിക്കുന്നതുവരെ സ്റ്റാംപ് ഒട്ടിക്കാൻ അനുവാദം നൽകണമെന്നും ഇ സ്റ്റാംപിങ് ലഭിക്കുന്നതിന് ഓൺലൈനിൽ പോർട്ടൽ അനുവദിക്കണമെന്നുമാണ് ആവശ്യം ഉയരുന്നത്.

# യൂണിവേഴ്സിറ്റി കോളേജിൽ ജ്യോതിശാസ്ത്ര ഗവേഷണ വികസന കേന്ദ്രം

**തിരുവനന്തപുരം:** രാജ്യത്തിന്റെ അഭിമാന പദ്ധതിയായ ആദിത്യ എൽ വണ്ണിന്റെ സൗര നിരീക്ഷണ പഠനങ്ങളിലും വിവിധ ജ്യോതിശാസ്ത്ര പ്രപഞ്ച ഗവേഷണങ്ങളിലും നിസ്തുലമായ പങ്കുവഹിക്കുന്ന പൂനെയിലെ ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ അസ്ട്രോണമി ആൻഡ് അസ്ട്രോഫിസിക്സിന്റെ ജ്യോതിശാസ്ത്ര ഗവേഷണ വികസന കേന്ദ്രമായി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഭൗതികശാസ്ത്ര വിഭാഗത്തെ തെരഞ്ഞെടുത്തു.

രാജ്യത്ത് നിലവിൽ പ്രവർത്തിക്കുന്ന മുപ്പതോളം ഗവേഷണ വികസന കേന്ദ്രങ്ങളുടെ പട്ടികയിൽ ഇടംപിടിക്കുന്ന ആദ്യത്തെ സർക്കാർ കോളേജ് ആണ് യൂണിവേഴ്സിറ്റി കോളേജ്. ജ്യോതിശാസ്ത്രവും പ്രപഞ്ച പഠനവുമായി ബന്ധപ്പെട്ട ദേശീയ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, അധ്യാപകർക്കും വിദ്യാർഥികൾക്കുമായുള്ള വിവിധ പരിശീലന പരിപാടികൾ തുടങ്ങിയവ നടത്തുന്നതിനുള്ള പൂർണമായ ധനസഹായം വരുന്ന രണ്ടു വർഷത്തേക്ക് കോളേജിന് ലഭിക്കും.

ഈ രംഗത്തെ വിഖ്യാതരായ ശാസ്ത്രജ്ഞന്മാരുടെ വിവിധ പ്രഭാഷണങ്ങളും ആസൂത്രണം ചെയ്യാൻ കഴിയും. ജ്യോതിശാസ്ത്ര പഠനങ്ങൾക്ക് സ്കൂൾ/ കോളേജ് തലങ്ങളിൽ പ്രചാരം കൊടുക്കുക എന്നതും കേന്ദ്രത്തിന്റെ ഉത്തരവാദിത്വമാണ്.

യൂണിവേഴ്സിറ്റി കോളേജ് ഭൗതിക ശാസ്ത്ര വിഭാഗം മേധാവി ഡോ. പ്രിൻസ് പി.ആർ. ആണ് കേന്ദ്രത്തിന്റെ കോർഡിനേറ്റർ. ബഹിരാകാശ കാലാവസ്ഥ, സൗരാന്തരീക്ഷം, മെറ്റീരിയൽ സയൻസ് തുടങ്ങിയ മേഖലകളിൽ, നിലവിൽ ഭൗതികശാസ്ത്ര വിഭാഗത്തിൽ ഗവേഷണങ്ങൾ നടക്കുന്നുണ്ട്.

# താത്കാലിക നിയമനം

**കൊച്ചി:** ജില്ലയിലെ സർക്കാർ ആശുപത്രിയിൽ മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ തസ്തികയിൽ താത്കാലിക ഒഴിവ്. യോഗ്യതമെഡിക്കൽ ഡോക്യുമെന്റേഷൻ/ മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ കോഴ്സിൽ ബിരുദ/ബിരുദാനന്തര യോഗ്യതയോ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും മെഡിക്കൽ റിക്കോർഡ് സയൻസിൽ ഡിപ്ലോമയോ, ഈ യോഗ്യതകളുടെ അഭാവത്തിൽ ഒരു മെഡിക്കൽ കോളേജിൽ നിന്നും മെഡിക്കൽ റിക്കോർഡ്സ് സൂക്ഷിക്കുന്നതിൽ പ്ലസ് ടുവിനു ശേഷം ഒരു വർഷത്തെ പരിശീലനം. അപേക്ഷകർ നവംബർ 15 ന് മുമ്പായി നേരിട്ട് ഹാജരാകണം.

# തരം മാറ്റ അദാലത്ത് ഇന്ന്

**കൊച്ചി:** 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരം മാറ്റത്തിനുള്ള 25 സെന്റ് വരെ വിസ്തീർണ്ണം ഉള്ളതും സ്വഭാവ വ്യതിയാനത്തിനുള്ള ഫീസ് അടക്കേണ്ടതില്ലാത്തതുമായ ഫോറം അഞ്ച്, ആറ് അപേക്ഷകളുടെ തരം മാറ്റ അദാലത്ത് സംഘടിപ്പിക്കും. കൊച്ചി താലൂക്ക് പരിധിയിലെ തരം മാറ്റൽ അദാലത്ത് നവംബർ മാസം 11 ന് റേഞ്ചേഴ്സ് ക്ലബ് ഹാൾ, നോർത്ത് മൂലംകുഴി, നസ്രത്ത് എന്നിവടങ്ങളിൽ രാവിലെ 10 മുതൽ നടക്കും. തീർപ്പാക്കിയ അപേക്ഷകളിൽ ബന്ധപ്പെട്ട കക്ഷികൾക്ക് അവരുടെ ഫോണിൽ മെസേജ് വരുന്നതാണ്. ഫാറം ആറ് അപേക്ഷകളിൽ അപ്രൂവ്ഡ് മെസേജുകൾ ലഭിച്ചവർക്ക് പ്രസ്തുത ഉത്തരവുകൾ അക്ഷയ സെന്റർ മുഖേന കൈപ്പറ്റാവുന്നതും തുടർ നടപടികൾക്കായി തുടർന്നുള്ള ദിവസങ്ങളിൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെടാം.




ജൂനിയർ ആൺ കുട്ടികളുടെ 1500 മീറ്ററിൽ സ്വർണം നേടുന്ന പാലക്കാട് കുമരംപുത്തൂർ കല്ലടി HSS ലെ എം അമൃത്

# അത്‌ലറ്റിക്സിൽ ഹാട്രിക്ക് സ്വർണ്ണവുമായി പാലക്കാടിന്റെ അമൃത്

സംസ്ഥാനസ്കൂൾ കായികമേളയിൽ 400 മീറ്ററിലെയും 800 മീറ്ററിലെയും സ്വർണത്തിന് പിന്നാലെ ജൂനിയർ ആൺകുട്ടികളുടെ 1500 മീറ്റർ ഓട്ടത്തിലും സ്വർണം നേടി പാലക്കാടിന്റെ എം അമൃത് ഹാട്രിക് നേട്ടത്തിനുടമയായി.

4:14.36 മിനിറ്റിലാണ് അമൃത് 1500 മീറ്ററിൽ സ്വർണത്തിലേക്ക് കുതിച്ചെത്തിയത്. കുമരംപുത്തൂർ കെ എച്ച് എസ് എസിലെ പ്ലസ് വൺ വിദ്യാർഥിയാണ് അമൃത്. കഴിഞ്ഞ സംസ്ഥാന കായികമേളയിൽ 800 മീറ്ററിലും 1500 മീറ്ററിലും സ്വർണംനേടിയ അമൃത് ഇത്തവണ സുവർണ ഡബിൾ ട്രിപ്പിളാക്കി ഉയർത്തുകയായിരുന്നു.

കോച്ച് മുഹമ്മദ് നവാസിന് കീഴിലാണ് അമൃതിന്റെ പരിശീലനം. അച്ഛൻ ബി മോഹനൻ ഡ്രൈവറാണ്. അമ്മ പുഷ്പലത. അമൃതിന്റെ ജേഷ്ഠൻ അമലും ഇത്തവണ കായിക മേളയിൽ സീനിയർ വിഭാഗം 400 മീറ്റർ ഹഡിൽസിൽ മത്സരിച്ചിരുന്നു. ഒളിമ്പ്യൻ ആവുകയെന്നതാണ് അമൃതിന്റെ സ്വപ്നം. തുടർച്ചയായി മൂന്നു ദിവസത്തെ ഓട്ടം 1500 മീറ്ററിലെ പ്രകടനത്തെ ബാധിച്ചുവെങ്കിലും മൂന്നു സ്വർണം നേട്ടത്തിലും സന്തോഷമുണ്ടെന്ന് അമൃത് പറഞ്ഞു. 400 മീറ്ററിലും 800 മീറ്ററിലും പ്രതീക്ഷിച്ച പ്രകടനം നടത്താനായെന്ന് അമൃത് പറഞ്ഞു. 1500 മീറ്ററിൽ കൊല്ലം സായിലെ മെൽബിൻ ബെന്നി വെള്ളിയും പാലക്കാട് മുണ്ടൂർ എച്ച് എസ് എസിലെ എസ് ജഗന്നാഥൻ വെങ്കലവും നേടി.

# കേരള സ്കൂൾ കായിക മേളയ്ക്ക് ഇന്ന് സമാപനം; പൂർത്തിയാകാൻ അത് ലറ്റിക്സ് മത്സരങ്ങൾ മാത്രം

**കൊച്ചി**:1926 പോയിന്റുകളുമായി മുന്നിലുള്ള തിരുവനന്തപുരം ജില്ല ഓവറോൾ ചാമ്പ്യൻ പട്ടത്തോടടുക്കുകയാണ്. 833 പോയിന്റുകളുമായി തൃശൂർ രണ്ടാം സ്ഥാനത്തുണ്ട്. അത് ലറ്റിക്സ് മത്സരങ്ങളിലെ മിന്നും പ്രകടനങ്ങളുടെ കരുത്തിൽ മലപ്പുറം മൂന്നാം സ്ഥാനത്തെത്തി. 759 പോയിന്റുകൾ നേടിയാണ് മലപ്പുറം കണ്ണൂരിനെ മറികടന്നത്.

226 സ്വർണ്ണവും 149 വെള്ളിയും 163 വെങ്കലവുമായാണ് തിരുവനന്തപുരം മേളയിൽ ആധിപത്യമുറപ്പിച്ചത്. 79 സ്വ4ണവും 65 വെള്ളിയും 95 വെങ്കലവുമാണ് തൃശൂരിന്. 60 സ്വർണ്ണവും 81 വെള്ളിയും 134 വെങ്കലുമാണ് മലപ്പുറം നേടിയത്.

അകാട്ടിക് മത്സരങ്ങൾക്ക് പിന്നാലെ ഗെയിസിംലും ആധിപത്യം നേടി 144 സ്വർണവും 88 വെള്ളിയും 100 വെങ്കലവുമായാണ് തിരുവനന്തപുരം വിജയക്കൊടി പാറിക്കുന്നത്.

അത് ലറ്റിക്സ് മത്സരങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. ഗെയിംസിൽ ആകെയുള്ള 526 മത്സരയിനങ്ങളും പൂർത്തിയായി. അത് ലറ്റിക്സിൽ ആകെയുള്ള 96 മത്സരങ്ങളിൽ 74 എണ്ണം പൂർത്തിയായി.

രണ്ട് റെക്കോഡുകൾ സ്വന്തമാക്കിയ കാസർകോട് കുട്ടമത്ത് ജി എച്ച് എസ് എസ് വിദ്യാർത്ഥിയായ കെ സി സെർവനാണ് ഇന്നലത്തെ താരം. സീനിയർ ബോയ്സ് (അഞ്ച് കിലോ ) ഷോട്ട് പുട്ടിലും ഡിസ്കസ് ത്രോയിലുമാണ് (1.5കിലോ ) സെർവൻ മീറ്റ് റെക്കോഡ് നേടിയത്.

ഷോട്ട്പുട്ടിൽ 17.74 മീറ്റർ ദൂരം എറിഞ്ഞു റെക്കോർഡ് സ്വന്തമാക്കിയ സെർവൻ60.24 മീറ്റർ എറിഞ്ഞാണ് ഡിസ്കസ് ത്രോയിൽ റെക്കോഡ് നേടിയത്.

ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിച്ച സംസ്ഥാനസ്കൂൾ കായികമേളയുടെ സമാപനസമ്മേളനം തിങ്കളാഴ്ച (നവംബ4 11) വൈകിട്ട് 4 ന് മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ആദ്യമായി ഏർപ്പെടുത്തിയ ചീഫ് മിനിസ്റ്റേഴ്സ് എവർറോളിങ് ട്രോഫി മുഖ്യമന്ത്രി ജേതാക്കൾക്ക് സമ്മാനിക്കും. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കും. സമാപനച്ചടങ്ങിൽ ഇന്ത്യൻ ഫുട്ബോൾ ടീം മുൻ ക്യാപ്റ്റൻ ഐ.എം.വിജയൻ, നടൻ വിനായകൻ എന്നിവർ വിശിഷ്ടാതിഥികളാകും.



സംസ്ഥാനസ്കൂൾ കായികമേളയിൽ സീനിയർ പെൺകുട്ടികളുടെ കബഡിയിൽ ജേതാക്കളായ ആലപ്പുഴ ടീം

# കബഡിയിൽ കാസർകോടിന്റെ ചക്രവ്യൂഹം ഭേദിച്ച് ആലപ്പുഴ

സംസ്ഥാനസ്കൂൾ കായികമേളയിൽ 19 വയസ്സിൽ താഴെയുള്ള സീനിയർ പെൺകുട്ടികളുടെ കബഡിയിൽ വാശിയേറിയ മത്സരത്തിൽ കാസർകോട് തീർത്ത പ്രതിരോധത്തിന്റെ ചക്രവ്യൂഹം തകർത്ത് ആലപ്പുഴ ജേതാക്കളായി. 23 നെതിരെ 24 പോയിന്റിനാണ് ആലപ്പുഴ സ്വർണം നേടിയത്.

ആദ്യകളിയിൽ കണ്ണൂരിനെയും ക്വാർട്ടർ ഫൈനലിൽ കൊല്ലത്തെയും സെമിഫൈനലിൽ മലപ്പുറത്തെയും മികച്ച സ്കോറുകളിൽ പരാജയപ്പെടുത്തിയാണ് ആലപ്പുഴ ഫൈനലിലെത്തിയത്. ചേർത്തല ഗവ. ഗേൾസ് സ്കൂളിലെ പ്ലസ്ടു വിദ്യാർഥികളാണ് ടീമിലെ അംഗങ്ങൾ.

2019 മുതൽ കായികമേളയിൽ പങ്കെടുക്കുന്നുണ്ടെങ്കിലും ആദ്യമായാണ് സംസ്ഥാന തലത്തിൽ എത്തുന്നത്. വിജയം ലക്ഷ്യമിട്ട് കൃത്യമായി ആസൂത്രണം ചെയ്തുള്ള ഗെയിം പ്ലാനാണ് ടീമിനെ വിജയത്തിലെത്തിച്ചത്. സെവൻ ഹീറോസ് ചേർത്തല കബഡി ക്ലബിന്റെ കീഴിലാണ് ടീം പരിശീലനം നേടിയത്. ദേശീയതലത്തിൽ മത്സരിക്കാൻ യോഗ്യത നേടിയ 12 അംഗ കേരള ടീമിലെ മൂന്നുപേർ ജേതാക്കളായ ആലപ്പുഴ ടീമിൽ നിന്നുള്ളവരാണ്.

വേഗതയും ആത്മവീര്യവും ശ്രദ്ധയും ഒരുമിച്ചുവേണ്ട കായിക ഇനമാണ് കബഡി. എതിരാളികളെ പ്രതിരോധത്തിലാഴ്ത്താൻ കായികക്ഷമതയ്ക്കൊപ്പം തികഞ്ഞ ആത്മവിശ്വാസവും അനിവാര്യമാണ്. കുട്ടികൾക്ക് പരിശീലനം നൽകുമ്പോൾ ഇത്തരത്തിൽ ആവശ്യമായ എല്ലാ ഘടകങ്ങളിലും അവരെ പ്രാപ്തരാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കാറുണ്ടെന്നും കായികാധ്യാപകനും എൻ ഐ എസ് സർട്ടിഫൈഡ് കോച്ചുമായ രതീഷ് പറഞ്ഞു. മത്സരത്തിൽ കാസർകോട് വെള്ളിയും തിരുവനന്തപുരം വെങ്കലവും കരസ്ഥമാക്കി.




ജൂനിയർ പെൺകുട്ടികളുടെ ലോങ്ജംപിൽ സ്വർണം നേടുന്ന പാലക്കാട് കോട്ടായിൽ ജി എച്ച് എസ് എസിലെ എസ് അനന്യ




സീനിയർ ആൺകുട്ടികളുടെ 1500 മീറ്ററിൽ സ്വർണം നേടുന്ന മലപ്പുറം കെ കെ എം HSS ലെ എം പി മുഹമ്മദ് അമീൻ

## ഇന്ന് അധ്യാപകരും കളത്തിലിറങ്ങും

സംസ്ഥാനസ്കൂൾ കായികമേളയുടെ സമാപന ദിവസമായ തിങ്കളാഴ്ച അധ്യാപകരിലെ കായികതാരങ്ങളും ട്രാക്കിലും ഫീൽഡിലും മികവ് തെളിയിക്കാനിറങ്ങും. മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ രാവിലെ 10.50 മുതലാണ് അധ്യാപകർക്കുള്ള മത്സരങ്ങൾ. 30 വയസിൽ താഴെയുള്ളവർ, 30 വയസിനു മുകളിലുള്ളവർ, 40 വയസിൽ താഴെയുള്ളവർ, 40 വയസിനു മുകളിലുള്ളവർ എന്നിങ്ങനെ ആൺ, പെൺ വിഭാഗങ്ങളിലായാണ് മത്സരം. 100 മീറ്റർ, 200 മീറ്റർ, 400 മീറ്റർ, ലോങ് ജമ്പ്, ഷോട്ട്പുട്ട്, 1500 മീറ്റർ നടത്തം, 1500 മീറ്റർ ഓട്ടം എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ.

## ആ ഫൗൾ മറന്നേക്കൂ; ഇതാ എന്റെ സ്വർണം

സംസ്ഥാനസ്കൂൾ കായികമേളയിൽ സബ് ജൂനിയർ പെൺകുട്ടികളുടെ 80 മീറ്റർ ഹഡിൽസിൽ തുടക്കം പിഴച്ചതിന്റെ സങ്കടം ഗായത്രിയുടെ വാശി കൂട്ടിയതേ ഉള്ളൂ. ഒരു സ്വർണമെങ്കിലുമില്ലാതെ മേളയിൽ നിന്ന് മടങ്ങുന്നതെങ്ങനെ? സബ് ജൂനിയർ പെൺകുട്ടികളുടെ ലോങ് ജമ്പിൽ 5.14 മീറ്റർ ചാടി സ്വർണം നേടിയ തൃശൂർ എങ്ങണ്ടിയൂർ സെന്റ് തോമസ് എച്ച്.എസ്.എസിലെ ഒൻപതാം ക്ലാസ് വിദ്യാർഥി എൻ.ജി. ഗായത്രിയാണ് ഹഡിൽസ് ഫൗളിന് ലോങ് ജമ്പിലെ സ്വർണ്ണം കൊണ്ടു പകരം വീട്ടിയ മിടുക്കി.

കഴിഞ്ഞ വർഷം സംസ്ഥാന കായികമേളയിൽ 400 മീറ്ററിൽ മത്സരിച്ചിരുന്നു. ലോങ് ജമ്പ് പരിശീലിച്ചു തുടങ്ങിയിട്ട് ഒരു വർഷമേ ആയിട്ടുള്ളു. ചേച്ചി ഗാഥ ജില്ലാതലത്തിൽ ഹൈജമ്പിന് സ്വർണ്ണം നേടിയിട്ടുണ്ട്ഗായത്രി പറഞ്ഞു. എൻ. ആർ. ഗണേഷിന്റെയും അനുവിന്റെയും മകളാണ് ഗായത്രി.

സബ് ജൂനിയർ പെൺകുട്ടികളുടെ ലോങ് ജമ്പിൽ രണ്ടും മൂന്നും സ്ഥാനം മലപ്പുറത്തിനാണ്. കടകശ്ശേരി ഐഡിയൽ ഇ 'എം. എച്ച് .എസ്.എസിലെ നേഹ സുമീഷ് വെള്ളിയും മൂർക്കനാട് എസ്.എസ്. എച്ച് എസ്.എസിലെ റിധ ജാസ്മിൻ എം വെങ്കലവും നേടി.




സംസ്ഥാനസ്കൂൾ കായികമേളയിൽ ജൂനിയർ ആൺകുട്ടികളുടെ ട്രിപ്പിൾ ജമ്പിൽ സ്വർണം നേടിയ ബിനോയ് ആർ. പാലക്കാട് മുണ്ടൂർ എച്ച് എസ് എസ് വിദ്യാർഥിയാണ്.




സംസ്ഥാനസ്കൂൾ കായികമേളയിൽ ജൂനിയർ വിഭാഗം ആൺകുട്ടികളുടെ ഹൈജമ്പിൽ സ്വർണം നേടുന്ന ആലപ്പുഴ കലവൂർ ജി എച്ച് എസ് എസിലെ അഭിനവ് ശ്രീറാം

# മലപ്പുറത്തിന്റെ ആധിപത്യം

**കൊച്ചി:** കേരള സ്കൂൾ കായികമേളയുടെ കിരീടപോരാട്ട ഫലം നിർണയിക്കാൻ മണിക്കൂറുകൾ മാത്രം ബാക്കി നിൽക്കേ, ട്രാക്കിലും ഫീൽഡിലും മലപ്പുറത്തിൻറെ ആധിപത്യം.

സംസ്ഥാന സ്കൂൾ അത്‌ലറ്റിക് മീറ്റിൽ നാലു ദിവസത്തെ മത്സരം പൂർത്തിയായപ്പോൾ 19 സ്വർണവും 23 വെള്ളിയും 20 വെങ്കലവും സ്വന്തമാക്കി 192 പോയിൻറോടെ മലപ്പുറം ഒന്നാമത്. 20 സ്വർണവും 12 വെള്ളിയും 14 വെങ്കലവുമായി 169 പോയിൻറുമായി പാലക്കാടാണ് തൊട്ടു പിന്നിൽ. മൂന്നാം സ്ഥാനത്തുള്ള കോഴിക്കോട് ആറു സ്വർണം, അഞ്ചു വെള്ളി ഏഴു വെങ്കലം എന്നിവ ഉൾപ്പെടെ 60 പോയിൻറ് നേടിയിട്ടുണ്ട്.

മികച്ച സ്കൂളുകളുടെ പട്ടികയിൽ ഒന്നാമതുള്ള മലപ്പുറം കടകശേരി ഐഡിയലിന് ആറു സ്വർണം, 10 വെള്ളി, ആറു വെങ്കലം എന്നിങ്ങനെ 66 പോയിൻറുണ്ട്. രണ്ടാം സ്ഥാനത്തുള്ള കോതമംഗലം മാർ ബേസിലിനു നാലു സ്വർണവും ആറു വെള്ളിയും ഉൾപ്പെടെ 38 പോയിൻറാണ്. മൂന്നാം സ്ഥാനത്തെത്തിയ കാസർഗോഡ് കുട്ടമത്ത് സർക്കാർ സ്കൂളിന് അഞ്ചു സ്വർണവും ഒരു വെള്ളിയും ഒരു വെങ്കലവും ഉൾപ്പെടെ 29 പോയിൻറുണ്ട്.

ഇന്നലെ ട്രാക്കിലും ഫീൽഡിലുമായി നാലു റിക്കാർഡ് പിറന്നു.

സീനിയർ ആൺകുട്ടികളുടെ ഡിസ്കസ് ത്രോയിലും ഷോട്ട്പുട്ടിലും കാസർഗോഡിൻറെ കെ.സി. സർവനും 1500 മീറ്ററിൽ മലപ്പുറത്തിൻറെ എം.പി. മുഹമ്മദ് അമീനും ജൂണിയർ ആൺകുട്ടികളുടെ 4x100 റിലേയിൽ ആലപ്പുഴയും റിക്കാർഡിൽ ഇടംപിടിച്ചു. ഇതോടെ നാലു ദിവസത്തിനുള്ളിൽ അത്‌ലറ്റിക്സിൽ ഒന്പത് റിക്കാർഡുകൾ കുറിക്കപ്പെട്ടു.

# കേന്ദ്ര ഗവൺമെന്റ് പദ്ധതികൾ: അങ്കമാലിയിൽ അഞ്ചു ദിവസം ബോധവത്കരണ പരിപാടി

**അങ്കമാലി:** കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ എറണാകുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര ഗവൺമെന്റ് പദ്ധതികളെക്കുറിച്ച് അങ്കമാലിയിൽ 5 ദിവസം നീണ്ടുനിൽക്കുന്ന പ്രദർശന ബോധവൽക്കരണ പരിപാടി സംഘടിപ്പി സംഘടിപ്പിക്കുമെന്ന് സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ കേരളലക്ഷദ്വീപ് മേഖലാ അഡിഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നവംബർ 11 മുതൽ 15 വരെ കൾച്ചറൽ സൊസൈറ്റി ഓഫ് അങ്കമാലി (സി.എസ്.എ) ഹാളിലാണ് ബോധവൽക്കരണ പരിപാടിയും പ്രദർശനവും നടക്കുന്നത്.കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നവംബർ 11ന് രാവിലെ 10.30 ന് പരിപാടി ഉദ്ഘാടനം ചെയ്യും. അങ്കമാലി മുനിസിപ്പൽ ചെയർമാൻ മാത്യു തോമസ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ബെന്നി ബെഹനാൻ എംപിയും മറ്റു പൊതുപ്രവർത്തകരും ഉന്നത ഉദ്യോഗസ്ഥരും പങ്കെടുക്കും.

വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ, കേന്ദ്ര പദ്ധതികളെക്കുറിച്ചുള്ള ഫോട്ടോ എക്സിബിഷൻ, വിവിധ സർക്കാർ വകുപ്പുകളുടെ പ്രദർശന സ്റ്റാളുകൾ, ആധാർ സേവനങ്ങൾക്കായി തപാൽ വകുപ്പിന്റെ ക്യാമ്പ്, , കാർഗിൽ വിജയത്തിൻറെ 25ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ചിത്ര പ്രദർശനം, മത്സരങ്ങൾ, കലാപരിപാടികൾ തുടങ്ങിയവ അരങ്ങേറുന്നതാണ്.നാഷണൽ ആയുഷ് മിഷന്റെ സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ് നവംബർ 11,12 തീയതികളിലും സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നവംബർ 13, 14 തീയതികളിലും നടക്കും.സംയോജിത ശിശു വികസന വകുപ്പിൻറെ അങ്കമാലി മെയിൻ, അങ്കമാലി അഡീഷണൽ പ്രോജക്ടുകളുടെ സഹകരണത്തോടെയാണ് പ്രദർശനവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുള്ളത്.ക്ലീൻ ഇന്ത്യ ഫിറ്റ് ഇന്ത്യ, ഉപഭോക്താക്കളുടെ അവകാശങ്ങൾ, വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ, കൗമാരകാലത്തെ പോഷകാഹാരവും ആരോഗ്യവും, സൈബർ സുരക്ഷ, ഭാരതീയ ന്യായ സംഹിത, ഭക്ഷ്യ സുരക്ഷ, പോസ്റ്റ് ഓഫീസ് വഴി ലഭ്യമാകുന്ന പദ്ധതികൾ, സ്വയം തൊഴിൽ സാധ്യതകളും ഗവൺമെൻറ് പദ്ധതികളും, ലഹരിവിരുദ്ധ ബോധവൽക്കരണം തുടങ്ങി പൊതുജനങ്ങൾക്ക് വിജ്ഞാനപ്രദമായ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും. പരിപാടിയിലേക്ക് പ്രവേശനനം സൗജന്യമാണ്.

കുടുംബശ്രീ മിഷൻ, ഐ.സി.ഡി.എസ്., തപാൽ വകുപ്പ്, എക്സൈസ് വകുപ്പ്, കനാറാ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, സി.എ ം.എഫ്.അർ.ഐ., ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, കൃഷി വിജ്ഞാൻ കേന്ദ്ര എന്നിവയടക്കം 16ഓളം പ്രദർശന സ്റ്റാളുകൾ പരിപാടിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. സി.ബി.സി. കേരള ലക്ഷദ്വീപ് മേഖലാ !ഡയറക്ടർ പാർവതി വി, സി.ബി.സി എറണാകുളം ഫീൽഡ് പബ്ലിസിറ്റി ഓഫീസർ അബ്ദു മനാഫ്.കെ, സി.ബി.സി വയനാട് ഫീൽഡ് പബ്ലിസിറ്റി ഓഫീസർ എം.വി പ്രജിത്ത് കുമാർ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




# സ്വദേശി ശാസ്ത്ര കോൺഗ്രസ് സമാപിച്ചു

**കൊച്ചി:** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിന്റെ സഹകരണത്തോടെ കേരളാ സ്വദേശി ശാസ്ത്ര പ്രസ്ഥാനം (Swadeshi Science Movement, Kerala) സംഘടിപ്പിച്ച 31ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസ് സിഫ്റ്റിൽ സമാപിച്ചു. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ സമാപനച്ചടങ്ങിൽ മുഖ്യാതിഥിയായി. നെറ്റ് സീറോ കാർബൺ എമിഷൻ ലക്ഷ്യം ഭാവി തലമുറയ്ക്ക് നിർണായകമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഐസിഎആർസിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. നാഷണൽ പവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ ഡോ. ത്രിപ്ത താക്കൂർ അനുമോദന പ്രഭാഷണം നടത്തി. സ്വദേശി ശാസ്ത്ര പ്രസ്ഥാനം കേരള പ്രസിഡന്റ് ഡോ. കെ.മുരളീധരൻ, വിജ്ഞാനഭാരതിയുടെ സെക്രട്ടറി ജനറൽ എഞ്ചിനീയർ പി എ വിവേകാനന്ദ പൈ, വിജ്ഞാന ഭാരതി ഓർഗനൈസിങ് സെക്രട്ടറി (സൗത്ത് സോൺ) ശ്രീ. അബ്ഗ രവീന്ദ്രനാഥ ബാബു ,സിഫ്റ്റിലെ എക്സ്റ്റൻഷൻ, ഇൻഫർമേഷൻ & സ്റ്റാറ്റിസ്റ്റിക്സ് മേധാവി ഡോ. നികിത ഗോപാൽ, ഫിഷ് പ്രോസസ്സിംഗ് വിഭാഗം മേധാവി ഡോ. ജെ ബിന്ദു, സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടോംസ് സി.ജോസഫ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

യുവശാസ്ത്രജ്ഞർക്കുള്ള മികച്ച പേപ്പർഅവാർഡുകൾ 14 ശാസ്ത്രജ്ഞർക്ക് ലഭിച്ചു. ഡോ. രവീന്ദ്രൻ സ്മാരകപുരസ്കാരവും സി എ ജയപ്രകാശ് സ്മാരകപുരസ്കാരവും സമ്മാനിച്ചു. 31ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസിൽ 14 സെഷനുകളിലായി 200ലധികം പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

'നെറ്റ് സീറോ എമിഷൻ : സമീപനങ്ങളും തന്ത്രങ്ങളും' (Towards Net Zero Emission: Approaches and tSrategies) എന്ന വിഷയത്തിൽ നടന്ന 31 മത് സ്വദേശി ശാസ്ത്ര കോൺഗ്രസിൽ വിദ്യാർത്ഥികൾ, ഗവേഷകർ, ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവർ രാജ്യത്തിലെ ശാസ്ത്രീയവും പാരിസ്ഥിതികവുമായ പുരോഗതിക്ക് ആവശ്യമായ വിഷയങ്ങൾ ചർച്ച ചെയ്തു.

# കുസാറ്റിലെ വിവിധ പ്രോഗ്രാമുകൾക്ക് അംഗീകാരം

**കൊച്ചി:** ഇന്റർനാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായി( ഐഎസ്ഡിസി) സഹകരിച്ച് കുസാറ്റ് നടത്തുന്ന വിവിധ പ്രോഗ്രാമുകൾക്ക് യു.കെ ആസ്ഥാനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനലിറ്റിക്സിന്റെ അംഗീകാരം. അനലിറ്റിക്സ് പ്രൊഫഷണലുകളുടെ ഏറ്റവും വലിയ ആഗോള സംഘടനയാണ് യു കെ ആസ്ഥാനമായ ഇൻസ്റ്റിറ്റ്യൂട്ട് അനലിറ്റിക്സ്. ഐഒഎയുടെ അംഗീകാരം ലഭിക്കുന്ന കേരളത്തിലെ ആദ്യ സർവകലാശാലയാണ് കുസാറ്റ്. നവംബർ 12 ന് കുസാറ്റിൽ നടക്കുന്ന ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനലിറ്റിക്സ് ഗ്ലോബൽ മെമ്പർഷിപ് മാനേജർ ക്ലയർ ഹോഗ്സൺ കുസാറ്റ് വൈസ് ചാൻസിലറിന് അംഗീകാര പത്രം കൈമാറും.

കുസാറ്റിലെ എം.ടെക് കോഴ്സായ ഇൻഫർമേഷൻ ടെക്നോളജി ബിസിനസ് അനലിറ്റിക്സ് ആൻഡ് ഇന്റലിജൻസ്, ബി.ടെക് കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ്, ബിടെക് ഇൻഫർമേഷൻ ടെക്നോളജി, എംഎസ്.സി കംപ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റ സയൻസ്, എം.എസ്.സി കംപ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ എഐ, മാസ്റ്റർ ഓഫ് കംപ്യൂട്ടർ ആപ്ലിക്കേഷൻസ്, ബാച്ചിലർ ഓഫ് വൊക്കേഷൻ ഇൻ ബിസിനസ് പ്രോസസ് ആൻഡ് ഡാറ്റാ അനലിറ്റിക്സ്, മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ എന്നീ കോഴ്സുകൾക്കാണ് ഐഎസ്ഡിസിയുടെ സഹകരണത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനലിറ്റിക്സിന്റെ അംഗീകാരം ലഭിച്ചത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാർഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള നൈപുണ്യം കരസ്ഥമാക്കുന്നതിനായി ഇന്ത്യയിലെ 300ലേറെ സർവകലാശാലകളുമായും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും സഹകരിച്ച് പ്രവർത്തിക്കുന്ന പ്രമുഖ അന്താരാഷ്ട്ര വിദ്യാഭ്യാസ സ്ഥാപനമാണ് ഐഎസ്ഡിസി.

അംഗീകാര സർട്ടിഫിക്കറ്റ് കൈമാറുന്നതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനലിറ്റിക്സുമായി സഹകരിച്ച് നടത്തുന്ന സമ്മിറ്റിൽ 'അനലിറ്റിക്സ് :സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിക്കും. കേരളത്തിലെ എല്ലാ കോളജ് അധ്യാപകർക്കും സമ്മിറ്റിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്+91 8647850294 +918156944333

# കൊച്ചിയിൽ ഖവാലി സൂഫി സംഗീത വിസ്മയമൊരുക്കാൻ വാർസി സഹോദരന്മാർ

**കൊച്ചി :** കൊച്ചിയിൽ സൂഫി ഖവാലി സംഗീതമൊരുക്കാൻ രാംപൂർ വാർസി സഹോദരന്മാർ. നവംബർ 11 മുതൽ 15 വരെ കൊച്ചി സ്കൂൾ കോളേജ് ക്യാമ്പസുകളിൽ അരങ്ങേറുന്ന ഖവാലി സൂഫി സംഗീത സദസ്സ് പ്രശസ്ത വാർസി സഹോദരങ്ങളായ മുഹമ്മദ് ഖാൻ വാർസിയും,മുഹമ്മദ് അഹമ്മദ് ഖാൻ വാർസിയും നയിക്കും. സൂഫി കാവ്യാലാപനത്തിൽ പ്രഗത്ഭരായ വാരിസ് നവാസ്, അർഷദ്, ഇഖ്ലാസ് ഹുസൈൻ, മുഹമ്മദ് നാഖ് വി, മുഹമ്മദ് ഫൈസ്, രഹത് ഹുസൈൻ എന്നിവരും വേദിയിൽ അണിനിരക്കും.വിദ്യാർത്ഥികൾക്കിടയിൽ ഭാരതീയ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സംഘടനയായ സ്പിക്മാക്കെയുടെ (സൊസൈറ്റി ഫോർ ദി പ്രമോഷൻ ഓഫ് ഇന്ത്യൻ ക്ലാസിക്കൽ മ്യൂസിക് ആൻഡ് കൾച്ചർ എമംഗ് യൂത്ത്) കേരള ചാപ്റ്ററാണ് പരിപാടി സംഘടിപ്പിക്കുന്നത്. തിരുവന്തപുരം മുതൽ കൊച്ചി വരെയുള്ള ക്യാമ്പസുകളിൽ പരിപാടി അവതരിപ്പിക്കും. കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഖവാലി സംഗീതത്തെ പരിചയപ്പെടുത്താനും, അത് മനസ്സിലാക്കി ആസ്വദിക്കാനുള്ള ഒരു വേദിയാണ് ഒരുക്കുന്നതെന്നു സ്പിക് മാക്കെ സംസ്ഥാന കോർഡിനേറ്റർ വേലായുധകുറുപ്പ് പറഞ്ഞു.

# ടെക്കികളുടെ ഫോട്ടോ പ്രദർശനവുമായി ഇൻഫോപാർക്ക്

**കൊച്ചി:** ഇൻഫോപാർക്കിന്റെ 20ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി അഞ്ച് ദിവസത്തെ ഫോട്ടോഗ്രാഫി പ്രദർശനം ഇന്ന് ആരംഭിക്കും. നവംബർ 11 മുതൽ 15 വരെ ഇൻഫോപാർക്ക് കൊച്ചി കാമ്പസുകളിൽ ആണ് പ്രദർശനം. നവംബർ 11, 12 തീയതികളിൽ തപസ്യ ഹാളിലും 13 ന് അതുല്യ ലോബിയിലുമാണ് എക്സിബിഷൻ.

14, 15 തീയതികളിൽ ജ്യോതിർമയ ഹാളിലും ഫോട്ടോ പ്രദർശനം നടക്കുന്നത്.ഇൻഫോപാർക്കും ഇൻഫോപാർക്ക് ഫോട്ടോഗ്രാഫി ക്ലബ്ബും സംയുക്തമായിട്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്.എക്സിബിഷൻ സന്ദർശിക്കാനും ഐടി ജീവനക്കാരുടെ സർഗാത്മകതയിൽ പങ്കുചേരുന്നതിനുമായി ഫോട്ടോഗ്രാഫി പ്രേമികളെയും ഇൻഫോപാർക്ക് അധികൃതർ ക്ഷണിച്ചിട്ടുണ്ട്.

സന്ദർശകർക്ക് എക്സിബിഷനിലെ ഫോട്ടോകൾ വാങ്ങിക്കുന്നതിനും അവസരമുണ്ടാകും.



# കെ എം എ സംവാദത്തിൽ ഓർമ്മകൾ പങ്കുവെച്ച് ഡോ. വി വേണുവും ഡോ. കെ എൻ രാഘവനും

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റ് ഫയർസൈഡ് ചാറ്റിൽ കേരളത്തിന്റെ മുൻ ചീഫ് സെക്രട്ടറിയും കൊച്ചി ബിനാലെ ചെയർമാനുമായ ഡോ. വി വേണുവും ഡയറക്ട് ടാക്സസ് ആന്റ് കസ്റ്റംസ് സെൻട്രൽ ബോർഡ് മുൻ പ്രിൻസിപ്പൽ ചീഫ് കമ്മീഷണറും എഴുത്തുകാരനും ക്രിക്കറ്റ് അംപയറുമായ ഡോ. കെ എൻ രാഘവനും സംവദിച്ചു. കാംപസ് മുതൽ റിട്ടയർമെന്റ് വരെ: പൊതുസേവന രംഗത്തെ ജീവിത കാലം എന്ന വിഷയത്തിലായിരുന്നു സംവാദം. കോഴിക്കോട്ടെ തന്റെ പഠനകാലം വൈവിധ്യങ്ങൾ അനുഭവിക്കാനായെന്ന് ഡോ. വി വേണു പറഞ്ഞു. കോഴിക്കോട് ചെറിയ പട്ടണമായിരുന്നെങ്കിലും വ്യത്യസ്തമായ സംസ്കാരവും ജനങ്ങളുമായിരുന്നു അവിടെ അറിയാനായതെന്ന് അദ്ദേഹം പറഞ്ഞു. നാടകവും കവിതകളുമൊക്കെയായി സംഭവബഹുലമായ കാലമായിരുന്നു അതെന്ന് അദ്ദേഹം ഓർത്തു. 1970കളിലെ കേരളത്തിലെ സാഹചര്യത്തിന് അനുസരിച്ച് തനിക്കും ഒഴിവാക്കാൻ സാധിക്കാത്തതായിരുന്നു രാഷ്ട്രീയമെന്ന് ഡോ. കെ എൻ രാഘവൻ പറഞ്ഞു.

കോഴിക്കോട് മെഡിക്കൽ കോളജിൽ പഠിക്കവെ ഹോസ്റ്റലിൽ തന്റെ സഹമുറിയനായ കെ എൻ രാഘവന് ക്രിക്കറ്റ് കളിക്കാനും വ്യത്യസ്തമായ കാര്യങ്ങൾ ചെയ്യാനും ലോകത്തിലെ എല്ലാ കാര്യങ്ങളിലും ഇടപെടാനും ഇഷ്ടം പോലെ സമയം കിട്ടുന്നുവെന്ന് താൻ അത്ഭുതപ്പെട്ടതായും തനിക്ക് തീരെ സമയമില്ലല്ലോ എന്ന് വിചാരിച്ചതായും വി വേണു പറഞ്ഞു. ക്രിക്കറ്റും നാടകവും മറ്റു പരിപാടികളും സമയമുണ്ടെങ്കിൽ പഠിത്തം എന്ന രീതിയിലാണ് മെഡിക്കൽ കോളജിൽ താൻ കഴിഞ്ഞതെങ്കിൽ നാടകവും കവിതയും കലയും ഒപ്പം പഠിത്തമെന്നതായിരുന്നു വേണുവിന്റെ രീതിയെന്ന് ഡോ. കെ എൻ രാഘവൻ പറഞ്ഞു.

ജോലിയോടൊപ്പം തങ്ങളുടെ പാഷനും കൂടെ കൊണ്ടുനടക്കാൻ സാധിച്ചാൽ ആസ്വദിച്ച് പ്രവർത്തിക്കാനാവുമെന്ന് ഡോ. കെ എൻ രാഘവൻ വിശദമാക്കി.ബിനാലെ കൊച്ചിക്ക് പുതിയ മുഖവും ലോകത്തിന് മുമ്പിൽ മികച്ച കാഴ്ചയുമാണ് നൽകുന്നതെന്നും അത് നഷ്ടപ്പെടാൻ ഇടയാകരുതെന്നും ഡോ. വി വേണു പറഞ്ഞു. കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. ദീപക് അസ്വാനി സ്വാഗതവും ജോയിന്റ് സെക്രട്ടറി അനിൽ വർമ നന്ദിയും പറഞ്ഞു.

# എടിഎമ്മുകൾ കുറയുന്നു

**റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ എടിഎമ്മുകളുടെ എണ്ണം 2023 സെപ്റ്റംബറിൽ 2,19,000 ആയിരുന്നത് 2024 സെപ്റ്റംബറിൽ 2,15,000 ആയി കുറഞ്ഞു**



**മുംബൈ:** യുപിഐ പോലുള്ള ഡിജിറ്റൽ പേയ്മെൻറുകളുടെ വർധിച്ചുകൊണ്ടിരിക്കുന്ന ജനപ്രീതി കണക്കിലെടുത്ത് ഇന്ത്യയിലെ ബാങ്കുകൾ എടിഎമ്മുകളുടെയും കാഷ് റീസൈക്ലറുകളുടെയും എണ്ണം കുറച്ചുകൊണ്ടു വരുന്നു.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ എടിഎമ്മുകളുടെ എണ്ണം 2023 സെപ്റ്റംബറിൽ 2,19,000 ആയിരുന്നത് 2024 സെപ്റ്റംബറിൽ 2,15,000 ആയി കുറഞ്ഞു.ബാങ്കുകൾ ഓഫ്സൈറ്റ് എടിഎമ്മുകൾ ഗണ്യമായി കുറച്ചതാണ് ഈ ഇടിവിന് കാരണം. 2022 സെപ്റ്റംബറിൽ ഓഫ്സൈറ്റ് എടിഎമ്മുകൾ 97,072 ആയിരുന്നെങ്കിൽ 2024 സെപ്റ്റംബറിൽ ഇത് 87,870 ആയി കുറഞ്ഞു.

ഇന്ത്യയുടെ സന്പദ്വ്യവസ്ഥയിൽ കറൻസികൾക്ക് ഇപ്പോഴും ഒരു പ്രധാന പങ്കുണ്ട്. 2022 സാന്പത്തിക വർഷത്തിലെ 89 ശതമാനം ഇടപാടുനോട്ടുകൾ ഉപയോഗിച്ചായിരുന്നു. 10000 പേർക്ക് 15 മെഷീനുകളുള്ള ഇന്ത്യയിൽ ഇത് ഉപയോഗിക്കുന്നവർ കുറയുകയാണ്.

സൗജന്യ എടിഎം ഇടപാടുകൾ, മറ്റു ബാങ്കുകളുടെ എടിഎമ്മുകൾ ഉപയോഗിക്കുന്പോഴുള്ള നിബന്ധനകൾ, ഇൻററ്‍ചേഞ്ച് ഫീസ് എന്നിവ സംബന്ധിച്ച ആർബിഐ നിയന്ത്രണങ്ങൾ എടിഎം ഉപയോഗിക്കുന്നതിൽ ജനങ്ങളെ കൂടുതൽ നിരുത്സാഹപ്പെടുത്തുന്നതായിരുന്നു.

ഓരോ ബ്രാഞ്ചിനും രണ്ട് എടിഎമ്മുകൾ എന്ന ആഗോള മാതൃക ഇന്ത്യയും താമസിയാതെ സ്വീകരിക്കുമെന്ന് ഈ മേഖലയിലെ വിദഗ്ധർ കരുതുന്നു. ബ്രാഞ്ചിന് ഒരു ഓൺസൈറ്റ് എടിഎം, ഒരു ഓഫ്സൈറ്റ് എടിഎം എന്ന ക്രമത്തിൽ ആയിരിക്കും ഉണ്ടാകുക.

ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് ഉപയോക്താക്കളുടെ വർധിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റാനുള്ള ശ്രമങ്ങളാണ് ബാങ്കുകൾ നടത്തുന്നത്.

# പ്രിൻറിങ് മെഷിനറികളുടെ അഖിലേന്ത്യാ പ്രദർശനം

**കൊച്ചി:** പ്രിൻറിങ് മെഷിനറികളുടെ അഖിലേന്ത്യാ പ്രദർശനം കേരള പ്രിൻറ് & പായ്ക്ക് 2024 നവംബർ 15, 16, 17 (വെള്ളി, ശനി, ഞായർ) തീയതികളിൽ എറണാകുളം കാക്കനാട് കിൻഫ്ര എക്സിബിഷൻ സെൻററിൽ നടക്കുന്നു.

ഏറ്റവും പുതിയ അച്ചടി യന്ത്രങ്ങളുടെയും അനുബന്ധ സാമഗ്രികളുടെയും മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന അഖിലേന്ത്യാ പ്രദർശനത്തിൽ ഇന്ത്യക്കകത്തും പുറത്തുമുള്ള ഉൽപ്പാദക വിതരണ രംഗത്തെ പ്രമുഖ കമ്പനികൾ പങ്കെടുക്കുന്നു.

അച്ചടിരംഗത്തെ ആധുനിക സങ്കേതങ്ങൾ നേരിട്ട് അറിയുവാനും പുതിയ ആശയങ്ങൾ ഉൾക്കൊള്ളുവാനും മാറുന്ന കാലത്തിനനുസരിച്ച് വ്യവസായം രൂപപ്പെടുത്തുവാനും പ്രദർശനം സഹായിക്കും.അച്ചടി വ്യവസായികളുടെ കേരളത്തിലെ ഏറ്റവും വലിയ സംഘടനയായ കേരള പ്രിൻറേഴ്സ് അസോസിയേഷൻ (കെ.പി.എ.) ആണ് പ്രദർശനത്തിന്റെ സംഘാടകർ.

വ്യവസായ എക്സിബിഷനുകൾ നടത്തുന്നതിനായി സംസ്ഥാന സർക്കാർ നിർദ്ദേശാനുസരണം ഇൻഫോ പാർക്കിനു സമീപം പുതുതായി സ്ഥാപിച്ചിട്ടുള്ള കിൻഫ്ര എക്സിബിഷൻ സെൻററിൽ നടക്കുന്ന പ്രഥമ വാണിജ്യ പ്രദർശനമാണ് കേരള പ്രിൻറ് & പായ്ക്ക് 2024. പ്രവേശനം സൗജന്യം.

# പരമേസു ബയോടെക് ഐപിഒയ്ക്ക്

**കൊച്ചി:** പരമേസു ബയോടെക് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

ഐപിഒയിലൂടെ 600 കോടി സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 5 രൂപ വീതം മുഖവിലയുള്ള പുതിയ ഇക്വിറ്റി ഓഹരികളിലൂടെ 520 കോടി രൂപയും നിലവിലുള്ള നിക്ഷേപകരുടെ 80 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# ബജാജ് ഫിൻസെർവ് കൺസപ്ഷൻ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ബജാജ് ഫിൻസെർവ് എഎംസി ബജാജ് ഫിൻസെർവ് കൺസപ്ഷൻ ഫണ്ട് അവതരിപ്പിച്ചു. പുതിയ ഫണ്ട് ഓഫർ 22ന് അവസാനിക്കും.

ബജാജ് ഫിൻസെർവ് കൺസപ്ഷൻ ഫണ്ട് ഇന്ത്യയുടെ ദ്രുതഗതിയിലുള്ള ഉപഭോഗ വളർച്ചയ്ക്ക് കൂടുതൽ സംഭാവന നൽകുന്ന എഫ്എംസിജി, ഓട്ടോമൊബൈൽസ്, കൺസ്യൂമർ ഡ്യൂറബിൾസ്, കൺസ്യൂമർ ഗുഡ്സ്, ഹെൽത്ത് കെയർ, റിയൽറ്റി, ടെലികോം, പവർ, സർവീസസ് തുടങ്ങിയ മേഖലകളിലെ അവസരങ്ങൾ തിരിച്ചറിയുന്നതിനാണ് ലക്ഷ്യമിടുന്നത്.

വളർച്ചയുടെ സാധ്യതകൾ തിരിച്ചറിയുന്നതിലൂടെ ഉയർന്നുവരുന്നതും പെട്ടെന്നു വളരുന്ന ഉപഭോക്തൃ പ്രവണതകളിൽ നിന്നും പ്രയോജനം നേടുന്നതുമായ കമ്പനികളിൽ ഈ ഫണ്ട് ശ്രദ്ധ കേന്ദ്രീകരിക്കും. ഞങ്ങളുടെ നിക്ഷേപകരുടെ പോർട്ട്ഫോളിയോകൾക്ക് ഈ ഫണ്ട് ദീർഘകാലാടിസ്ഥാനത്തിൽ മുതൽക്കൂട്ടാകുമെന്ന് ഉറച്ചു വിശ്വസിക്കുന്നതായി ബജാജ് ഫിൻസെർവ് എഎംസി സിഇഒ ഗണേഷ് മോഹൻ പറഞ്ഞു.

ലംപ്സത്തിനും സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാനിനും ഏറ്റവും കുറഞ്ഞ നിക്ഷേപ തുക 500 ആണ്. അലോട്ട്മെന്റ് തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ നിക്ഷേപം വീണ്ടെടുക്കുകയാണെങ്കിൽ 1% എക്സിറ്റ് ലോഡ് ചുമത്തും. ഈ ഫണ്ട് വളർച്ചയും, ഐഡിസിഡബ്ല്യു (ഇൻകം ഡിസ്ട്രിബ്യൂഷൻ കം ക്യാപിറ്റൽ പിൻവലിക്കൽ) ഓപ്ഷനുകളും വാഗ്ദാനം ചെയ്യുന്നതിനാൽ നിക്ഷേപകർക്ക് അവരുടെ നിക്ഷേപ ലക്ഷ്യങ്ങൾക്ക് അനുയോജ്യമായ ഒരു പ്ലാൻ തിരഞ്ഞെടുക്കാനാകും.

ബജാജ് ഫിൻസെർവ് എഎംസിയിലെ സിഐഒ നിമേഷ് ചന്ദൻ, ഇക്വിറ്റി നിക്ഷേപങ്ങളുടെ സീനിയർ ഫണ്ട് മാനേജർ സോർഭ് ഗുപ്ത, ഡെറ്റ് നിക്ഷേപങ്ങളുടെ സീനിയർ ഫണ്ട് മാനേജർ സിദ്ധാർത്ഥ് ചൗധരി എന്നിവർ ചേർന്നാണ് ഈ ഫണ്ട് കൈകാര്യം ചെയ്യുന്നത്.



# ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ സൗരോർജ്ജ ഡെയറിയായി എറണാകുളം മിൽമ

**തൃപ്പൂണിത്തുറ:** രാജ്യത്തെ ആദ്യ സമ്പൂർണ ഓൺ ഗ്രിഡ് സൗരോർജ്ജ ഡെയറിയായി എറണാകുളം മേഖലാ ക്ഷീരോത്പാദക സഹകരണ സംഘം(മിൽമ) മാറി. മിൽമ എറണാകുളം യൂണിയന്റെ തൃപ്പൂണിത്തുറയിൽ സ്ഥാപിച്ച രണ്ട് മെഗാവാട്ട് സൗരോർജ്ജ പ്ലാന്റ് കേന്ദ്ര മൃഗസംരക്ഷണക്ഷീരവകുപ്പ് സഹമന്ത്രി ജോർജ്ജ് കുര്യൻ നാടിന് സമർപ്പിച്ചു. പതിസന്ധികളെ എങ്ങിനെ അനുകൂലമാക്കാം എന്നതിന്റെ നേർക്കാഴ്ചയാണ് തൃപ്പൂണിത്തുറയിലെ സൗരോർജ്ജ പ്ലാന്റെന്ന് ജോർജ്ജ് കുര്യൻ പറഞ്ഞു. ചതുപ്പു നിലവും കുളവുമാണ് ഇവിടെയുണ്ടായിരുന്നത്. ഈ ഭൂപ്രകൃതിയെ നിലനിറുത്തിക്കൊണ്ട് തന്നെ സോളാർ പാനൽ സ്ഥാപിക്കാനുള്ള തീരുമാനം പരിസ്ഥിതിയെ അലോസരപ്പെടുത്താതെ വികസനം കൊണ്ടുവരാമെന്നതിന്റെ തെളിവാണ്. പ്രധാനമന്ത്രി പ്രഖ്യാപിച്ച നാഷണൽ ലൈവ്സ്റ്റോക് ഒൺട്രപ്രണർഷിപ്പ് പ്രോഗ്രാം കേരളത്തിൽ വ്യാപകമായി ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

ഉന്നതനിലവാരത്തിലുള്ള പാലുൽപ്പന്നങ്ങളും അതിന്റെ ഗുണമേന്മയും ഉറപ്പാക്കാനായുള്ള സംവിധാനമാണ് സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലാബും, ഇടപ്പള്ളി പ്ലാന്റിന്റെ നവീകരണവുമെന്ന് ഓൺലൈനായി ചടങ്ങിൽ പങ്കെടുത്ത സംസ്ഥാന ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി പറഞ്ഞു. കെ ബാബു എംഎൽഎ, എൻഡിഡിബി ചെയർമാൻ ഡോ. മീനേഷ് സി ഷാ, മിൽമ ഫെഡറേഷൻ ചെയർമാൻ കെ എസ് മണി, എം ഡി ആസിഫ് കെ യൂസഫ്, എറണാകുളം മേഖലാ യൂണിയൻ ചെയർമാൻ എം ടി ജയൻ, എംഡി വിൽസൺ ജെ പുറവക്കാട്ട്, തൃപ്പൂണിത്തുറ മുൻസിപ്പൽ ചെയർപേഴ്സൺ രമ സന്തോഷ്, ക്ഷീരസഹകരണ സംഘം പ്രതിനിധികൾ, എൻഡിഡിബിനബാർഡ് പ്രതിനിധികൾ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. 16 കോടി രൂപയാണ് പദ്ധതിയുടെ ആകെ മുതൽമുടക്ക്. ഡയറി പ്രോസസിംഗ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് സ്കീമിൽ നിന്നുള്ള 9.2 കോടി രൂപയുടെ വായ്പയും, മേഖലാ യൂണിയന്റെ തനതു ഫണ്ടായ 6.8 കോടി രൂപയും ഉപയോഗിച്ചാണ് ഈ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്.ഡെയറി കോമ്പൗണ്ടിലെ തടാകത്തിൽ സ്ഥാപിച്ചിരിക്കുന്ന എട്ട് കെവിയുടെ ഫ്ളോട്ടിംഗ് സോളാർ പാനലുകൾ, കാർപോർച്ച് മാതൃകയിൽ സജീകരിച്ച 102 കിലോ വാട്ട് സോളാർ പാനലുകൾ, ഗ്രൗണ്ടിൽ സ്ഥാപിച്ചിരിക്കുന്ന 1890 കിലോ വാട്ട് സോളാർ പാനലുകൾ എന്നീ രീതിയിലാണ് സോളാർ പ്ലാന്റ് ക്രമീകരണം.

മിൽമയുടെ സരോർജ്ജ നിലയം പ്രതിവർഷം 2.9 ദശലക്ഷം യൂണിറ്റുകൾ (ജിഡബ്ല്യുഎച്ച്) ഹരിതോർജ്ജം ഉൽപ്പാദിപ്പിക്കുകയും ഇതു വഴി പ്രതിവർഷം 1.94 കോടി രൂപ ഊർജ്ജ ചെലവ് ഇനത്തിൽ ലാഭിക്കുമെന്നും പ്രതീക്ഷിക്കുന്നു.



# 1.3 മില്യൺ ഹാപ്പിനെസ് അംഗങ്ങളുടെ നേട്ടവുമായി ലുലു

**കൊച്ചി :** 1.3 മില്യൺ അംഗങ്ങളുടെ നേട്ടവുമായി ലുലു ഹാപ്പിനെസ് ലോയൽറ്റി പ്രോഗ്രാം. കൊച്ചി ലുലു മാളിൽ നടന്ന ഹാപ്പിനെസ് സെലിബ്രേഷൻനടൻ സൂര്യ കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്തു. നടി അപർണ ദാസ്, ലുലു ഇന്ത്യ സിഒഒ രജിത്ത് രാധാകൃഷ്ണൻ, ലുലു റീജിയണൽ ഡയറക്ടർ സാദിഖ് കാസിം,ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ് , ലുലു ഹൈപ്പർമാർക്കറ്റ് ഇന്ത്യ ജനറൽ മാനേജർ സുധീഷ് നായർ, ലുലു ഇന്ത്യ ലോയൽറ്റി ഹെഡ് നോയൽ കുഞ്ഞുമോൻ, തുടങ്ങിയവരും പരിപാടിയിൽ ഭാഗമായി.ഓഗസ്റ്റ് 1 നാണ് ഒരു മില്യൺ അംഗങ്ങൾ എന്ന നേട്ടം ലുലു ഹാപ്പിനെസ് പ്രോഗ്രാം സ്വന്തമായിയത്. ഓരോ പർച്ചേസിലും പ്രത്യേകം പോയിന്റുകളും സമ്മാനങ്ങളുമാണ് ലോയൽറ്റി കസ്റ്റമേഴ്സിനെ കാത്തിരിക്കുന്നത്. വൻ ഡിസ്കൗണ്ടുകളും പ്രത്യേകം ഡൈൻ ഇൻ പാക്കേജുകളും അടക്കമാണ് ലുലു ഹാപ്പിനെസ് പ്രോഗ്രാമിൽ ഭാഗമായവർക്കായുള്ളത്. ലുലു ഹാപ്പിനെസ് പ്രോഗ്രാമിൽ ഭാഗമാകാത്തവർക്ക് എളുപ്പത്തിൽ അംഗത്വമെടുക്കാനും ഇപ്പോൾ അവസരമുണ്ട്. ലുലു ഹൈപ്പിനെസ് വെബ്സൈറ്റിൽ സൈൻ ഇൻ ചെയ്തോ, ആപ്പ് ഡൗൺലോഡ് ചെയ്തോ വേഗത്തിൽ ഹാപ്പിനെസ് പ്രോഗ്രാമിൻറെ ഭാഗമാകാം.

# യുവകായികതാരം അഭിയക്ക് സഹായവുമായി മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ്



**കൊച്ചി:** ദേശിയ ജൂനിയർ അത്‌ലറ്റിക്സിൽ പങ്കെടുക്കാൻ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച അഭിയയ്ക്ക് സ്പോർട്സ് കിറ്റും പ്രതിമാസ സ്കോളർഷിപ്പും സമ്മാനിച്ച് മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ്. എറണാകുളത്ത് നടന്ന സംസ്ഥാന കായികമേളയുടെ വേദിയിൽ വെച്ച് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി,മുത്തൂറ്റ് വോളിബോൾ അക്കാദമി ടെക്നിക്കൽ ഡയറക്ടർ ബിജോയ് ബാബു എന്നിവരുടെ സാന്നിധ്യത്തിൽ മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ഡയറക്ടർ സുസാന മുത്തൂറ്റ് അഭിയയ്ക്ക് സ്പോർട്സ് കിറ്റ് കൈമാറി. ഇതോടൊപ്പം അഭിയയ്ക്ക് വാഗ്ദാനം ചെയ്ത സ്കോളർഷിപ്പും ബാങ്ക് വഴി ട്രാൻഫർ ചെയ്തതായും സുസാന മുത്തൂറ്റ് അറിയിച്ചു. ഭുവനേശ്വറിലെ കായികമേളയിൽ മകളെ പങ്കെടുപ്പിക്കാൻ ആകെയുണ്ടായിരുന്ന സ്വർണവള പണയം വെച്ച മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് സഹായഹസ്തവുമായി എത്തിയത്. മുണ്ടക്കയം പുലിക്കുന്ന് സ്വദേശി ജിജിമോന്റെയും അന്നമ്മ ജിജിയുടെയും മകളായ അഭിയ ആൻ ജിജി സെന്റ്. ആന്റണീസ് സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയാണ്.

അഭിയയുടെ വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി ആവശ്യമായ നടപടി ആരംഭിച്ചതായും മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് അറിയിച്ചു. സാമ്പത്തിക ബുദ്ധിമുട്ടിന്റെ പേരിൽ യുതകായികതാരങ്ങളുടെ സ്വപ്നം തകരുന്നത് അംഗീകരിക്കാനാവില്ലെന്നും വളർന്നുവരുന്ന കായികതാരങ്ങൾക്ക് എല്ലാ പിന്തുണയും അടിസ്ഥാനസൗകര്യങ്ങളും ഒരുക്കേണ്ടത് അനിവാര്യമാണെന്നും സുസാന മുത്തൂറ്റ് പറഞ്ഞു.

